# അമ്മത്തൊട്ടിൽ

## മാതൃകാ ചോദ്യങ്ങൾ

1) *നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ*

*അടിവരയിട്ട പദത്തിന്റെ വിഗ്രഹാർത്ഥമെഴുതുക*

- കൈകളാകുന്ന ചുള്ളികൾ
- ചുള്ളികൾ പോലുള്ള കൈകൾ
- കൈയിലെ ചുള്ളികൾ
- കൈകൾ പോലുള്ള ചുള്ളികൾ

(ഉത്തരം : കൈകളാകുന്ന ചുള്ളികൾ)

2) *മങ്ങിപ്പഴകിയ പിഞ്ഞാണ വർണ്ണമായ്*

*അടിവരയിട്ട പദത്തിന്റെ വിഗ്രഹരൂപം എഴുതുക*

- പിഞ്ഞാണം പോലെയുള്ള വർണ്ണം
- പിഞ്ഞാണത്തിന്റെ വർണ്ണം
- പിഞ്ഞാണമാകുന്ന വർണ്ണം
- പിഞ്ഞാണമായ വർണ്ണം

(ഉത്തരം: പിഞ്ഞാണത്തിന്റെ വർണ്ണം)

3) *'അന്നത്തെ സൂചിപ്രയോഗത്തിൽ നീറ്റൽ പോലൊന്ന് മനസ്സിലൂടെ അപ്പോൾ കടന്നുപോയി.' – – മനസ്സിലൂടെ കടന്നുപോയ നീറ്റലായി പറഞ്ഞിരിക്കുന്നതെന്തിനെ?*

- സൂചി പ്രയോഗത്തിന്റെ നീറ്റൽ –
- പാപബോധം –
- പനിയുടെ വേദന –
- അമ്മയെ പിരിഞ്ഞ വേദന –

(ഉത്തരം : പാപബോധം)

4) *'ആരാണ് മുന്നിൽ പുറത്തേക്കശാന്തനാ*

*യീശ്വരൻ കാറ്റൊന്ന് കൊള്ളാനിറങ്ങിയോ ?' – ഈ വരികൾക്കൊണ്ട് അർത്ഥമാക്കുന്നതെന്ത്?*

- ദൈവം മനുഷ്യനെപോലെ പുറത്തിറങ്ങി നടക്കാറുണ്ട്
- ദൈവം എല്ലാറ്റിനും സാക്ഷിയാണ്
- ക്ഷേത്രത്തിലെ ശാന്തിക്കാരൻ അവധിയിലാണ്
- ക്ഷേത്രത്തിനുള്ളിൽ കാറ്റ് കുറവാണ്

(ഉത്തരം: ദൈവം എല്ലാറ്റിനും സാക്ഷിയാണ്)

5) *‘ഒന്നിനും കൊള്ളരുതാത്തവനെന്നവൾ*

*ഇന്നും പഴിപറഞ്ഞേക്കും’*

*– അടിവരയിട്ട വരിയിൽ തെളിയുന്ന ഭാവമെന്ത്?*

- നിരാശ
- ആഹ്ലാദം
- പരിഹാസം
- ദുഃഖം

(ഉത്തരം : പരിഹാസം)

6) തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു –

എങ്ങിനെകൊണ്ടിറക്കേണ്ടു –

*– ഇറക്കിവെക്കുക എന്ന പ്രയോഗം പാഠ സന്ദർഭത്തിനു നൽകുന്ന സവിശേഷാർത്ഥമെന്ത്?*

(ഉത്തരസൂചന : അമ്മയെ സാധനമായി കാണുന്ന അവസ്ഥ – വരികളിലെ ഭാവം)

7) *‘അമ്മത്തൊട്ടിൽ’ എന്ന തലക്കെട്ടിന്റെ ഔചിത്യം പരിശോധിക്കുക.*

(ഉത്തരസൂചന : അമ്മത്തൊട്ടിൽ – ശിശുക്ഷേമ സമിതി, അനാഥ ശിശുക്കൾക്കായി ആവിഷ്കരിച്ച പദ്ധതി – കവിതയിൽ – മകൻ അമ്മയെ ഉപേക്ഷിക്കാൻ തൊട്ടിൽ അന്വേഷിക്കുന്ന അവസ്ഥ)

8) ‘പാടയും പീളയും മൂടിയ കണ്ണുകൾ

ഏറെ പണിപ്പെട്ടടച്ചു തുറന്നവർ –’

*– അമ്മയുടെ ജീവിതാവസ്ഥ പ്രതിഫലിപ്പിക്കാൻ ഈ വരികൾ എത്രമാത്രം സഹായകമാണ്.*

*നിങ്ങളുടെ നിരീക്ഷണം വ്യക്തമാക്കുക*

(ഉത്തരസൂചന: പരിഗണന ലഭിക്കാത്ത അവസ്ഥ

രോഗാവസ്ഥ....)

9) ‘ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ ?)

തൊട്ടടുത്തായിറക്കിയാലെന്നോർത്തു.’ –

*മാളിന്റെ സമീപം അമ്മയെ ഉപേക്ഷിക്കാൻ മകന് കഴിയാതെ പോയതെന്തുകൊണ്ട്?*

(ഉത്തര സൂചന: പെറ്റ് കിടക്കുന്ന പട്ടിയുടെ ശൗര്യം –

മാതൃത്വം എന്ന മഹനീയ ചിന്ത)

10) *‘മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ് ’– കണ്ണുകൾക്ക്*
*നൽകിയിരിക്കുന്ന വിശേഷണത്തിൽ തെളിയുന്ന അമ്മയുടെ അവസ്ഥ വ്യക്തമാക്കുക.*

(ഉത്തരസൂചന: അമ്മയുടെ അവസ്ഥ രോഗാതുരമായ ശാരീരികാവസ്ഥ)

11) അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ–
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയി.–

*അടിവരയിട്ട കാവ്യഭാഗം നൽകുന്ന സവിശേഷാർത്ഥം എന്ത്?*

(ഉത്തര സൂചന: ബാല്യത്തിൽ അനുഭവിച്ച വേദന, കുറ്റബോധംകൊണ്ടുണ്ടായ വേദന)

12) നീരറ്റു വറ്റിവരണ്ട കൈചുള്ളികൾ

നീരാതെ മാറോട് ചേർത്തുവെച്ചിട്ടുണ്ട് -

*വരികളിൽ തെളിയുന്ന* കാവ്യപരമായ *സവിശേഷതകൾ എഴുതുക*

(ഉത്തര സൂചന: അക്ഷരങ്ങളുടെ ആവർത്തനം -
കൈച്ചുള്ളി - പ്രയോഗഭംഗി)

13) 'പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ
രൂറ്റ - കുരച്ചത് ചാടിക്കുതിക്കുന്നു.'

*- ഈ വരികളിൽ തെളിയുന്ന മാതൃസ്നേഹം - രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുക*

(ഉത്തര സൂചന: തെരുവു പട്ടിയുടെ മാതൃത്വം - മകൻ കാണിക്കുന്ന നന്ദികേട്)

14) 'നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ'

നീരാതെ മാറോട് ചേർത്തുവെച്ചിട്ടുണ്ട്

*-അടിവരയിട്ട പ്രയോഗം അമ്മയുടെ ജീവിതാവസ്ഥ പ്രതിഫലിപ്പിക്കാൻ എത്രമാത്രം സഹായകമാണ്. ?*

(ഉത്തര സൂചന: കൈച്ചുള്ളി പ്രയോഗ സവിശേഷത, അമ്മയുടെ വാർദ്ധക്യം, അനാരോഗ്യം)

15) ഈപ്പെരും മാളിന്റെ (ഈപ്പെരുമാളിന്റെ?)

-ഈ വരിയിലെ ചോദ്യ ചിഹ്നം, -ധ്വനിച്ചിരിക്കുന്നതെന്തെല്ലാം?

(ഉത്തര സൂചന: പെരും മാൾ, പെരുമാൾ പ്രയോഗം - വരികളിലെ ധ്വനി പ്രയോഗം)

16) 'അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ
ലൊന്ന് മനസ്സിലോടപ്പോൾ കടന്നുപോയ്.'

*ഈ വരികളിൽ തെളിയുന്ന മകന്റെ മാനസികാവസ്ഥ എഴുതുക*

(ഉത്തര സൂചന: ബാല്യത്തിൽ അനുഭവിച്ച വേദന
കുറ്റബോധംകൊണ്ടുള്ള ഇന്നത്തെ വേദന)

17) 'പിന്നെയും മുന്നോട്ട് വെട്ടമില്ലാളില്ല
കൂട്ടിയേകാന്തത കണ്ണ്പൊത്തിക്കളി
ക്കുന്ന വിദ്യയേ മുറ്റമുണ്ടൊന്നിനി -'
അടിവരയിട്ട പ്രയോഗം - സന്ദർഭത്തിന് നൽകുന്ന ഭാവപൊലിമ കണ്ടെത്തി എഴുതുക

(ഉത്തര സൂചിന: വിദ്യാലയാനുഭവം - ഏകാന്തത)

18) 'പെറ്റ്കിടക്കും തെരുവു പട്ടിക്കെന്തൊ
രൂറ്റം, കുരച്ചത് ചാടി കുതിക്കുന്നു'
*ഈ വരികൾ അമ്മത്തൊട്ടിൽ എന്ന കവിതയെ ഏറ്റവും ഭാവ തീവ്രമാക്കുന്നതെങ്ങനെ ? വിലയിരുത്തുക*

(ഉത്തര സൂചന: മകന്റെ നന്ദികേട്

തെരുവു പട്ടി കുഞ്ഞുങ്ങളോട് കാണിക്കുന്ന കരുതൽ
സ്നേഹത്തിന്റെ രണ്ട് തലങ്ങൾ
തെരുവു പട്ടി എന്ന പ്രയോഗം നൽകുന്ന അർത്ഥ സാധ്യത)

19) ..........പക്ഷേ, കണ്ണുകൾ, കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ്
*അമ്മയുടെ കണ്ണുകളെ മങ്ങിപ്പഴകിയ പിഞ്ഞാണ വർണ്ണമായ്*

*എന്ന് വിശേഷിപ്പിച്ചതിന്റെ ഔചിത്യം വ്യക്തമാക്കി കുറിപ്പ് എഴുതുക*

(ഉത്തര സൂചന: പിഞ്ഞാണത്തിന്റെ പ്രത്യേകത
പഴകിയ പിഞ്ഞാണം
അമ്മയുമായുള്ള സാദൃശ്യപ്പെടുത്തൽ
വാർദ്ധക്യം , ആരോഗ്യ സ്ഥിതി)

20) കുട്ടിയേകാന്തത കണ്ണ്പൊത്തിക്കളി
ക്കുന്ന വിദ്യാലയമുറ്റമുണ്ടൊന്നിനി

*വിദ്യാലയത്തിന്റെ സവിശേഷതകളും അത് ഉണർത്തിയ ചിന്തകളും*
*കാവ്യ സന്ദർഭത്തെ വികാരതീവ്രമാക്കുന്നതെങ്ങനെ?*

*വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക*

(ഉത്തര സൂചന: വിദ്യാലയാനുഭവം -
കുട്ടികളില്ലാത്ത വിദ്യാലയം -
ഏകാന്തത -
മകന്റെ സ്കൂൾ അനുഭവം)

21) *ആശുപത്രി പരിസരത്തും വിദ്യാലയമുറ്റത്തും അമ്മയെ ഉപേക്ഷിക്കാൻ മകന് സാധിക്കാത്തതെന്തുകൊണ്ട്?*

(ഉത്തര സൂചന: മകന്റെ ബാല്യകാല സ്മരണകൾ,
അമ്മയുടെ സ്നേഹം കരുതൽ
മകനിലുണ്ടായ പാപബോധം-
നിസ്സഹായത)

22 'ഏറെ തണുക്കുന്നു, ചില്ലുയർത്തീടുമ്പോ-
ളോർത്തു, കരിമ്പടം, അമ്മ വയറ്റത്തു
പറ്റിക്കിടക്കുന്ന ചൂട്, മുഷിവുമായ്
കാച്ചെണ്ണ ചേരുന്ന ഗന്ധം, പുലർച്ചയി-
ലോലക്കൊടികൾ പുകയുന്നതിൻ മണം'

*– 'അമ്മത്തൊട്ടിലിൽ' മകൻ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾക്ക് കാരണമാകുന്നത് ഇത്തരം ഓർമകളാണോ?*
*അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക –*

(ഉത്തര സൂചന: മകൻ ഉദ്യമം ഉപേക്ഷിക്കുന്ന സാഹചര്യം -
അമ്മയെക്കുറിച്ചുള്ള ഓർമകൾ -
സ്പർശമായും ഗന്ധമായും അമ്മ)

23) ‘പക്ഷേ, കണ്ണുകൾ, കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണ വർണമായ് -’

*കണ്ണുകൾ, കണ്ണുകൾ എന്ന ആവർത്തനം കവിതയുടെ ഭാവതലത്തെ ശക്തിപ്പെടുത്തുന്നതെങ്ങനെ?*
*വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക -*

(ഉത്തര സൂചിക: ആവർത്തനം നൽകുന്ന ഊന്നൽ -
കണ്ണിന്റെ തിളക്കം പ്രകടിപ്പിക്കാൻ സഹായകരം -
ആവർത്തനഭംഗി)

24) ‘ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും മടങ്ങാതെ
വയ്യ, തലയ്ക്കകത്തെന്തോ പെരുകുന്നു -’

*വൈകിയാണെങ്കിലും തെറ്റ് തിരിച്ചറിയുന്ന മകനെയാണോ*
*ഈ വരികളിൽ കാണുന്നത് - പ്രതികരണത്തെകുറിപ്പ് തയ്യാറാക്കുക*

(ഉത്തര സൂചന: മകന്റെ സാഹചര്യം, നിസ്സഹായത, കുറ്റബോധത്തിൽ നിന്നുണ്ടാവുന്ന തീരുമാനം,
ഓർമകൾ നൽകിയ തിരിച്ചറിവ്)

25) ‘നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ
നീരാതെ മാറോട് ചേർത്തുവെച്ചിട്ടുണ്ട്’

*അമ്മയുടെ ജീവിതാവസ്ഥ പ്രതിഫലിപ്പിക്കാൻ വരികൾ എത്രമാത്രം സഹായകരമാണ്.*
*നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക*

(ഉത്തര സൂചന: അമ്മയുടെ അവസ്ഥ,
ശാരീരികാസ്വാസ്ഥ്യം,
വാർധക്യത്തിന്റെ ദയനീയ ചിത്രം-
പദങ്ങളുടെ പ്രയോഗ സവിശേഷത)

26) “തിമിരപ്പടർപ്പുകൾ നിറഞ്ഞ കണ്ണുകൾ ചിമ്മാതെ
ഉറക്കൊഴിക്കാൻ ഇനിയാരാണുള്ളതെന്ന നിരാശ അമ്മയിൽ -”
- ഓരോ വിളിയും കാത്ത്-
“മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ -അമ്മത്തൊട്ടിൽ”

*കഥാപാത്രങ്ങളുടെ ജീവിതാവസ്ഥകൾ പ്രതിഫലിപ്പിക്കാൻ ഈ വരികൾ എത്രത്തോളം*
*സഹായിക്കുന്നുണ്ട്. ?*

*താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക*

(ഉത്തര സൂചന: തിമിരപടർപ്പ്, മങ്ങിപ്പഴകിയ, പാട, പീള പ്രയോഗങ്ങൾ -
കണ്ണുകൾ നൽകുന്ന അർത്ഥസാധ്യത
വാർദ്ധക്യത്തിന്റെ ദയനീയ ചിത്രം
കഥാപാത്രങ്ങളുടെ വാങ്മയ ചിത്രം നിർമ്മിക്കുന്നതിൽ സാഹിത്യകാരന്മാരുടെ കഴിവ്)

27) “തൊട്ടിലിൽ താരാട്ടുമ്പോൾ നീ പഠിച്ചൊരാപ്പാഠം
വിട്ടു പോകില്ല നിന്നെയന്ത്യകാലത്തോളവും’ - ഉള്ളൂർ

*കവിയുടെ ഈ പ്രതീക്ഷയെ 'അമ്മത്തൊട്ടിലിലെ' മകന്റെ പ്രവർത്തിയുമായി ബന്ധിപ്പിച്ച് വിലയിരുത്തുക.*

(ഉത്തര സൂചന: വരികളുടെ ആശയം പാഠ സന്ദർഭവുമായി താരതമ്യം.
മകന്റെ തിരിച്ചറിവ്)

28) 'ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ
പോവ്വാ' - ഓരോ വിളിയും കാത്ത്
എങ്ങിനികൊണ്ടിറക്കേണ്ടൂ സ്വയം ബുദ്ധി -
കെട്ടു കരിന്തിരിയാളും വരെയവർ - 'അമ്മത്തൊട്ടിൽ'

*രണ്ടു രചനകളിലേയും മക്കൾക്ക് അമ്മയോടുള്ള സമീപനം ഒന്നാണോ? താരതമ്യം ചെയ്ത് വാർദ്ധക്യത്തോടുള്ള പുതു തലമുറകളുടെ മനോഭാവത്തെകുറിച്ച് ലഘു പ്രഭാഷണം തയ്യാറാക്കുക.*

(ഉത്തര സൂചന: കഥാപാത്രങ്ങളുടെ മനോഭാവം -
സന്ദർഭങ്ങൾ -
സമകാലിക കേരളത്തിന്റെ ചിത്രങ്ങൾ -
സർക്കാർ സംവിധാനങ്ങൾ -
പ്രഭാഷണത്തിന്റെ ഘടന)

29) 'ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും, മടങ്ങാതെ
വയ്യ തലയ്ക്കകത്തെന്തോ പെരുകുന്നു.'

*കേരളത്തിലെ മാറുന്ന കുടുംബ ബന്ധങ്ങളുടെ നേർ ചിത്രമാണ് 'അമ്മത്തൊട്ടിലിൽ ' വരച്ചുവെച്ചിരിക്കുന്നത്. സ്വന്തം നിലപാട് വ്യക്തമാക്കി മാറുന്ന കുടുംബ ബന്ധങ്ങൾ എന്ന വിഷയത്തെകുറിച്ച് ലഘു ഉപന്യാസം തയ്യാറാക്കുക.*

(ഉത്തര സൂചന: കുടുംബം നിർവചനം
അണു കുടുംബ വ്യവസ്ഥിതി
സ്വാർത്ഥത, സ്നേഹരാഹിത്യം, സാംസ്കാരിക മൂല്യച്യുതി)

30) *'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ ആശയവും സമകാലിക സംഭവങ്ങളും അടിസ്ഥാനമാക്കി വാർദ്ധക്യം പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹാരവും എന്ന വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.*

(ഉത്തര സൂചന: അമ്മത്തൊട്ടിൽ ആശയം -
സമകാലിക സംഭവങ്ങൾ വിലയിരുത്തൽ -
സർക്കാർ സംവിധാനങ്ങൾ -
പരിഹാര നിർദ്ദേശങ്ങൾ -
മുഖ പ്രസംഗത്തിന്റെ ഘടന)

31) *കുടുംബ ബന്ധങ്ങളിലെ ഊഷ്മളത
പ്രതിസന്ധികൾ എന്നിവ പ്ലാവിലക്കഞ്ഞി, ഓരോ വിളിയും കാത്ത്, അമ്മത്തൊട്ടിൽ എന്നീ പാഠങ്ങളെ അടിസ്ഥാനമാക്കി വിശകലനം ചെയ്ത് ലഘു ഉപന്യാസം തയ്യാറാക്കുക.*

(ഉത്തര സൂചിന: പാഠഭാഗങ്ങൾ പ്രമേയം
പരാമർശിക്കുന്ന കുടുംബ ബന്ധങ്ങൾ - വിശകലനം
കുടുംബ ബന്ധങ്ങൾ - മാറുന്ന ചിത്രം)

# യൂണിറ്റ് - 2

# നിലാവ് പെയ്യുന്ന നാട്ടുവഴികൾ

പ്രകൃതിയും മനുഷ്യനും ഇണങ്ങി നിൽക്കുന്ന ജീവിതമാണ് പുരാതന കാലം മുതൽ കേരളത്തിൽ ഉണ്ടായിരുന്നത്'നാട്ടിൻ പുറങ്ങൾ ഈ ആത്മബന്ധത്തിന്റെ മികച്ച കേന്ദ്രങ്ങളായിരുന്നു'. വൃക്ഷങ്ങൾ നിറഞ്ഞു നിൽക്കുന്ന തൊടികളും സ്നേഹബന്ധങ്ങൾ നിറഞ്ഞ അയൽപക്കങ്ങളും ഗ്രാമങ്ങളുടെ ജീവനായിരുന്നു. ഓണം, വിഷു, തിരുവാതിര തുടങ്ങിയ ആഘോഷവേളകൾ ജീവിതതാളങ്ങളുടെ സർഗാവിഷ്കാരങ്ങളായിരുന്നു. ഇവ കേരളീയരുടെ ശൈശവങ്ങളെയും ബാല്യങ്ങളെയും ഏറെ സ്വാധീനിച്ചിരുന്നു. ഗൃഹാതുരമായ അനവധി അനുഭവങ്ങളെയും നാട്ടിൻ പുറക്കാഴ്ചകളെയും കോർത്തിണക്കിയ മൂന്ന് പാഠഭാഗങ്ങളാണ് ഈ യൂണിറ്റിലുള്ളത്.

**പ്രവേശകം**

പുറനാനൂറ് - ഔവയാർ

| | |
|---|---|
| കൊച്ചു ചക്കരച്ചി | - എ.പി.ഉദയഭാനു |
| ഓണമുറ്റത്ത് | - വൈലോപ്പിള്ളി ശ്രീധരമേനോൻ |
| കോഴിയും കിഴവിയും | - കാരൂർ നീലകണ്ഠപ്പിള്ള |

**പ്രവേശകം**

ഔവ്വയാറിന്റെ പുറനാനൂറ് എന്ന കൃതിയിലെ നാലു വരികളാണ് യൂണിറ്റിന്റെ പ്രവേശകമായി നൽകിയിരിക്കുന്നത്. സംഘകാലകൃതിയാണ് 'പുറനാനൂറ്'

**ആശയം**

നല്ല മനുഷ്യർ പാർക്കുന്ന ഇടം നന്നായി വരും. അത് കാടായാലും നാടായാലും കുന്നായാലും കുഴിയായാലും അവിടെ പാർക്കുന്ന മനുഷ്യരുടെ ഗുണമാണ് ഭൂമിയുടെ നന്മ നിശ്ചയിക്കുന്നത്. ഇതാണ് ഔവ്വയാറിന്റെ വരികളുടെ പൊരുൾ

# കൊച്ചുചക്കരച്ചി

നന്മകൾ നിറഞ്ഞതാണ് നാട്ടിൻപുറം. കേരളീയ ഗ്രാമങ്ങൾ പ്രകൃതി ഭംഗികൊണ്ടും മനുഷ്യ ബന്ധങ്ങളുടെ ഊഷ്മളതകൊണ്ടും സമ്പന്നമായിരുന്നു. മനുഷ്യനും പ്രകൃതിയും സ്നേഹത്തിലും ഐക്യത്തിലുമായിരുന്നു. ആ നന്മകൾ കുറഞ്ഞുപോയെങ്കിലും ഇന്നും വറ്റിപ്പോയിട്ടില്ല. ഗ്രാമ നന്മകളെ ഉദ്ഘോഷിക്കുന്ന പാഠങ്ങളാണ് നിലാവു പെയ്യുന്ന നാട്ടുവഴികൾ എന്ന യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു നാടിന്റെ മഹത്വം ആ നാട്ടിലെ മനുഷ്യരുടെ നന്മയെ ആശ്രയിച്ചിരിക്കുന്നു എന്നതാണ് യൂണിറ്റിലെ പ്രവേശകത്തിലൂടെ പറയുന്നത്.

എ.പി. ഉദയഭാനു എഴുതിയ ഉപന്യാസമാണ് കൊച്ചുചക്കരച്ചി. ആത്മകഥാപരമായ ഈ ലേഖനത്തിൽ തന്റെ തറവാട്ടിലെ അംഗം തന്നെയായ കൊച്ചുചക്കരച്ചി എന്ന മാവിനെപ്പറ്റിയാണ് വിവരിക്കുന്നത്. പഴമക്കാർക്ക് മാവിനോടുണ്ടായിരുന്ന പ്രതിപത്തിയും സ്നേഹവും കുട്ടികൾക്ക് മാവിനോടുള്ള പ്രിയം, പ്രകൃതി സ്നേഹം, മനുഷ്യബന്ധം എന്നിവ ഈ കൃതിയിൽ തെളിയുന്നുണ്ട്.

## പ്രധാന ആശയങ്ങൾ

- വൃക്ഷങ്ങളിൽ ശ്രേഷ്ഠമായത് മാവ് തന്നെയാണ്.
- മാവിന്റെ ഗുണങ്ങൾ ധാരാളം. വീട്ടിൽ മാവിന്റെ സാന്നിദ്ധ്യം പല രൂപത്തിൽ വർഷം മുഴുവനും ഉണ്ടാവും
- മാവിൻ ചുവട്ടിലായിരുന്നു കുട്ടികളുടെ പല കളികളും അരങ്ങേറിയിരുന്നത്.
- നാട്ടിൻപുറത്തുകാർ മാത്രമല്ല, കവികളും മാവിനെ സ്നേഹിച്ചിരുന്നു. (വൈലോപ്പിള്ളി – മാമ്പഴം)
- ലേഖകൻ തറവാട്ടിൽ നാലുകെട്ടിനും നെൽപുരയ്ക്കും മദ്ധ്യേ തെക്കേമുറ്റത്ത് അധീശ്വരിയായി നിന്ന മാവാണ് കൊച്ചുചക്കരച്ചി.
- എല്ലാവർക്കും പ്രിയപ്പെട്ടവളാണ് കൊച്ചുചക്കരച്ചി.
- പാട്ടത്തിൽ അപ്പൂപ്പൻ വെട്ടാൻ തുനിഞ്ഞപ്പോൾ വേണ്ടപ്പെട്ടവർ തടഞ്ഞു.
- കുടുംബത്തിലെ മുത്തശ്ശി – നാവുണ്ടായിരുന്നെങ്കിൽ കുടുംബ ചരിത്രം അവൾപറഞ്ഞേനേ.
- മാങ്ങ വിൽക്കാൻ സമ്മതിക്കാതെ നീറുകൾ ചാവേറ്റുപടയായി.
- തന്റെ അടുത്ത് വരുന്നവർക്ക് മാങ്ങ നൽകുന്നവൾ
- നല്ല വണ്ണവും, പൊക്കവും ഉണ്ടായിരുന്നിട്ടും കൊച്ചുചക്കരച്ചിയെ മുറിയ്ക്കാൻ വീട്ടുകാർ തയ്യാറായില്ല.
- അവിചാരിതമായി മാവിന് രോഗം പിടിപെട്ടു. ഒടിഞ്ഞുവീണു നാശമുണ്ടാവാതിരിക്കാൻ കൊച്ചുചക്കരച്ചിയെ മുറിയ്ക്കാൻ ലേഖകൻ തീരുമാനിച്ചു.
- ഒരു യുക്തിയും അമ്മയുടെ അടുത്ത് വിലപ്പോയില്ല.
- കൊച്ചുചക്കരച്ചി ചതിക്കില്ല, അതിനാൽ അവളെ മുറിയ്ക്കണ്ട എന്ന അമ്മയുടെ വിശ്വാസം
- പിന്നീടുണ്ടായ ചെറിയൊരു കാറ്റിൽ അവൾ വീണു. ഒട്ടും അപകടം ഉണ്ടാകാതെ.
- അമ്മയുടെ വിശ്വാസം ജയിച്ചു.
- മാവിന് മനുഷ്യഭാവം നൽകിയിരിക്കുന്നു.

*വിഗ്രഹിക്കാം*

| | | |
|---|---|---|
| കൊതിയ സമാജം | - | കൊതിയന്മാരുടെ സമാജം |
| കവിതാങ്കണം | - | കവിതയുടെ അങ്കണം |
| കുലശ്രേഷ്ഠ | - | കുലത്തിലെ ശ്രേഷ്ഠ |
| ചുള്ളിക്കമ്പ് | - | ചുള്ളിയായ കമ്പ് |
| ഇലപ്പടർപ്പ് | - | ഇലകളുടെ പടർപ്പ് |
| സ്വർണപ്പൂക്കൾ | - | സ്വർണ നിറത്തിലുള്ള പൂക്കൾ |

**പദച്ചേർച്ച**

| | | |
|---|---|---|
| ചുള്ളി + കമ്പ് | - | ചുള്ളിക്കമ്പ് |
| ഇല + പടർപ്പ് | - | ഇലപ്പടർപ്പ് |
| സ്വർണപ്പൂക്കൾ | - | സ്വർണ + പൂക്കൾ |

**ചോദ്യങ്ങൾ**

1. "കൊച്ചുചക്കരച്ചി വീഴില്ല, വീണാലും ആപത്ത് വരുത്തില്ല" അമ്മയുടെ ഈ നിലപാടിൽ തെളിയുന്ന ഭാവമേത്?

   കൊച്ചുചക്കരച്ചിയിലുള്ള വിശ്വാസം

2. "കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്ത് ചെന്നിരിക്കും" അമ്മയുടെ ഏത് വികാരമാണ് പ്രതിഫലിക്കുന്നത്.

   കൊച്ചുചക്കരച്ചിയിലുള്ള വിശ്വാസം (കൊച്ചുചക്കരച്ചി ചതിക്കില്ല എന്ന വിശ്വാസം)

3. "നീറുകൾ എന്ന ചാവേറ്റുപട മാവിൽ കയറാൻ ശ്രമിച്ചവരെ തോൽപ്പിച്ച് ഓടിച്ചു കളഞ്ഞു" അടിവരയിട്ട പദം സൂചിപ്പിക്കുന്നതെന്ത്?

   സ്വന്തം ജീവൻ ത്യജിച്ചും എതിരാളികളെ നശിപ്പിക്കാൻ ശ്രമിക്കുന്നവർ.

4. "ഇന്നു മാങ്ങമരം കാണാത്ത കുട്ടികൾ കേരളത്തിലുണ്ടാവില്ല" അടിവരയിട്ട പദം സൂചിപ്പിക്കുന്ന ഭാവമെന്ത്?

   മാവിനെ അറിയില്ലെന്നു നടിക്കുന്ന പരിഷ്ക്കാരികളോടുള്ള പരിഹാസം / ചുറ്റുപാടുമായി ബന്ധമില്ലാത്തവരോടുള്ള പരിഹാസം.

5. കൊച്ചുചക്കരച്ചിയിലുള്ള അമ്മയുടെ വിശ്വാസം ശരിയോ? വിലയിരുത്തുക

- കൊച്ചുചക്കരച്ചി വീഴില്ല, വീണാലും ആപത്തു വരുത്തില്ല എന്നായിരുന്നു അമ്മയുടെ വിശ്വാസം.
- രോഗം വന്നിട്ടും പത്തുകൊല്ലത്തോളം കായ്ച്ചു.
- ചെറിയ കാറ്റിൽ മറിഞ്ഞു വീണെങ്കിലും നാശം ഉണ്ടാക്കിയില്ല.
- മതിലിന്റെ അല്പം പൊളിഞ്ഞു. അടുത്തുള്ള മാവിന്റെ ചെറിയ ശിഖിരം ഒടിഞ്ഞു. അത്രമാത്രം.

6. "കർക്കിട മാസത്തിലെ കറുത്ത വാവിൻ നാളിൻ ആകാശത്തിന് താഴെ തന്റെ ഇലപ്പടർപ്പുകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെ കൊണ്ട് നക്ഷത്ര നിബിഡമായി നിൽക്കുന്നു" പ്രയോഗ ഭംഗി വിശദമാക്കുക

- കാവ്യഭാഷ
- ആകാശത്തെപ്പോലെ തന്നെ മാവും
- കർക്കിട മാസത്തിലെ കറുത്ത വാവിലെ ആകാശം നിറഞ്ഞ അന്ധകാരം ഉള്ളത്.

- നിബിഡമായ ഇലപ്പടർപ്പുള്ളതിനാൽ ഒരു തരിവെളിച്ചവും കടത്തി വിടാത്ത മാവ്
- ആകാശത്തിൻ നക്ഷത്രം
- അതുപോലെ മാവിൽ നിറയെ മിന്നാമിനുങ്ങ്
- മാവിന്റെ ഭംഗി, ഇലയുടെ നിബിഡത, ആകൃതി, ഔന്നത്യം ഇവ സൂചിതമാവുന്നു.

7. "വൃക്ഷങ്ങളിൽ വെച്ച് വൃക്ഷമായത് മാവ് തന്നെ" എന്ന് ലേഖകൻ സമർത്ഥിക്കുന്നത് എങ്ങനെ?

- മാവാണ് ശ്രേഷ്ഠമായ വൃക്ഷം
- മാവു തളിരിടുമ്പോൾ മുതൽ നാട്ടുമ്പുറത്ത് ഉത്സവം
- മാമ്പൂവിന്റെ പരിമളം
- ഏത് പ്രായത്തിലുള്ളവർക്കും മാങ്ങ ആസ്വാദ്യകരം ആണ്. (ഉണ്ണി മാങ്ങ, കണ്ണി മാങ്ങ, പച്ചമാങ്ങ, മാമ്പഴം.....)
- വർഷം മുഴുവൻ മാങ്ങ പല രൂപത്തിൽ സൂക്ഷിച്ച് വെച്ച് ഉപയോഗിക്കപ്പെടുന്നു
- മാങ്ങയുടെ അണ്ടിപരിപ്പുപോലും ഉപയോഗപ്രദം
- ഇലയും തടിയും പ്രാധാന്യത്തോടെ ഉപയോഗിക്കുന്നു.

8. "തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടിയിലൂടെ വിരലോടിച്ച് പോവുക മാത്രം ചെയ്തു" പ്രയോഗഭംഗി വിശദമാക്കുക.

- കാവ്യ ഭാഷ
- കൊച്ചുചക്കരച്ചിയെ മുത്തശ്ശിയായി സങ്കൽപ്പിക്കുന്നു.
- പ്രായമായിട്ടും സൗന്ദര്യവും ശക്തിയും കുറയുന്നില്ല
- നിബിഡവും പച്ചനിറമാർന്നതുമായ ഇലപടർപ്പിനെ മുടിയായി കൽപ്പിക്കുന്നു
- ശക്തമായ കാറ്റിന്റെ വീശൽ പോലും തലോടലായി തോന്നാൻ മാത്രം ഉറപ്പുള്ള മാവ്

9. "............ ഇപ്പറഞ്ഞ പഴയ അപരിഷ്കൃത മട്ടുകൾ അവർ അറിയാനിടയില്ല" അടിവരയിട്ട പദത്തിന്റെ ഔചിത്യം എന്ത്?

- പണ്ടത്തെ കളിയായ അണ്ണാൻ പിറന്നാൾ, ഉണ്ണിയിടൽ, മാവിൻചോട്ടിലെ മന്ത്രതന്ത്രങ്ങൾ.
- ഇന്ന് അങ്ങനെയുള്ള കളികൾ ഇല്ല
- മൊബൈൽ ഗെയ്മിന്റെ കാലത്ത് പഴയ കളികളെ അപരിഷ്കൃതം എന്ന് പറഞ്ഞ് തള്ളിക്കളയുന്നതിനോടുള്ള പരിഹാസം.

10. അതാ ആകാശം ഉരുമ്മി ഒരു മാവു നിൽക്കുന്നു. കുരടിച്ചി എന്നാണ് അതിനെ വിളിക്കുന്നത്. അടിവരയിട്ട പദം ഉചിതമാണോ?

- മാവിന്റെ വലുപ്പമല്ല, മാങ്ങയുടെ പ്രത്യേകതയാണ് മാവിന്റെ പേര് നിശ്ചയിക്കുന്നത്
- ചക്കകുരുവിന്റെ വലുപ്പം പോലുമില്ലാത്ത മാങ്ങയാണ് ആ മാവിൽ ഉണ്ടാവുന്നത് അതിനാൽ പേര് ഉചിതമാണ്.

**കൂടുതൽ ചോദ്യങ്ങൾ**

1. അമ്മയോടൊപ്പം പ്രാധാന്യമുള്ള കഥാപാത്രമാണ് കൊച്ചുചക്കരച്ചി - വിശദമാക്കുക
2. കൊച്ചുചക്കരച്ചിയ്ക്ക് മനുഷ്യഭാവമാണ് ലേഖകൻ നൽകിയിരിക്കുന്നത്. ഉദാഹരണ സഹിതം വിശദമാക്കുക
3. പ്രകൃതിയും മനുഷ്യനും ഇണങ്ങി ജീവിച്ചിരുന്ന കാലത്തിന്റെ ആവിഷ്കാരമാണ് കൊച്ചുചക്കരച്ചി. ഇന്ന് ഇത്തരം ബന്ധങ്ങൾ നിലനിൽക്കുന്നുണ്ടോ? പ്രകൃതിയും മനുഷ്യനും എന്ന വിഷയത്തിൽ ഉപന്യാസം / മുഖ പ്രസംഗം തയ്യാറാക്കുക.
4. എ.പി. ഉദയഭാനുവിന്റെ രചനാശൈലിയെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.

# ഓണമുറ്റത്ത്

*(വൈലോപ്പിള്ളി ശ്രീധരമേനോൻ)*

ഓണം മലയാളികളുടെ ആഘോഷമാണ്. മാവേലിത്തമ്പുരാനെ വരവേൽക്കാൻ പ്രകൃതിയൊരുങ്ങുന്ന മനോഹരമായ കാഴ്ചയാണ് ഓണമുറ്റത്ത് എന്ന കവിതയിലുള്ളത്.

നാട്ടിൻപുറം പൂക്കളാൽ സമൃദ്ധമാണ്. വൈവിധ്യമുള്ള പൂക്കൾ ഗ്രാമത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു. ഓണക്കാലമാണ് പൂക്കൾ നിറയുന്ന കാലം, മാവേലി തമ്പുരാനെ വരവേൽക്കാൻ പ്രകൃതി ഒരുങ്ങുന്നതാണ് ഇതെന്ന് കവി സൂചിപ്പിക്കുന്നു.

## വൈലോപ്പിള്ളി ശ്രീധരമേനോൻ

- മലയാളത്തിന്റെ ശ്രീ
- പ്രകൃതിയുടെ ആരാധകൻ
- കാച്ചിക്കുറുക്കിയ കവിതകൾ-വിശേഷണം
- പ്രധാനകൃതികൾ:- കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്, കുടിയൊഴിക്കൽ, ശ്രീരേഖ, വിട, ഓണപ്പാട്ടുകൾ, കയ്പവല്ലരി

## പ്രധാന ആശയങ്ങൾ-വർണ്ണനകൾ

- മലനാടിന്റെ ഹൃദയത്തിലൂറുന്ന മധുരവും ഉദാരവുമായ വികാരമാണ് ഓണം, മഞ്ഞുതുള്ളികളാൽ ഈറനുടുത്ത പ്രഭാതം.
- മഴകൊണ്ടു വിറച്ച് നിൽക്കുന്ന തുമ്പകൾ
- തിരിതെറുത്ത്, കൊളുത്താൻ മുഹൂർത്തം കാത്തിരിക്കുന്ന ദീപക്കുറ്റിയായി മുക്കുറ്റിയെ വർണ്ണിക്കുന്നു.
- വെള്ളിത്താലമെടുത്ത് നിൽക്കുന്ന നെയ്യാമ്പലുകൾ മാവേലിയെ കാത്തിരിക്കുന്നു.
- കുട്ടികൾ ആർപ്പുവിളിച്ചുകൊണ്ടും കടൽത്തിരമാലകൾ ആർത്തലച്ചുകൊണ്ടും മഹാബലിയെ സ്വീകരിക്കാൻ ഒരുങ്ങുന്നു.

'ഈ മലനാട്ടിൽ വായുവിലുണ്ടൊരു
മധുരോദാര വികാരം, മഞ്ഞാ-
ലീറനുടുത്തൊരു പാവനഭാവം'

**ഈവരികളിലെ സൂചനയെന്ത്?**

- കേരള നാടിന് നിർമ്മലമായ ഒരു ഭാവമുണ്ട്.

മഞ്ഞുതുള്ളികളാൽ ഈറനായ

ഇലകളും പൂക്കളും ആർദ്രഭാവത്തോടെ നിൽക്കുന്നു.

- പാവനഭാവം പ്രകൃതിയിലും കാണാൻ കഴിയും.
- ഓണനാളിൽ കാണുന്ന പ്രകൃതിയുടെ സൗന്ദര്യം അവതരിപ്പിച്ചിരിക്കുന്നു.

മഴകൊണ്ടാലും പാവം തുമ്പകൾ

മലരിൻകുട നിറച്ചു, വിറച്ചേ

നിൽക്കുകയല്ലോ മേടുകൾ തോറും.

➢ ഓണ നാളിൽ മേടുളിൽ നിറഞ്ഞുനിൽക്കുന്ന തുമ്പപ്പൂക്കൾ

➢ മഴ നനഞ്ഞും മേടുകളിൽ നിന്ന് പൂക്കൾ ശേഖരിക്കുന്ന കുട്ടികൾ (വർണ്ണനയിൽ പ്രകൃതിഭാവം ആരോപിച്ചിരിക്കുന്നു)

- "തിരികൾ തെറുത്തു, കൊളുത്താനുറ്റ മു-

ഹൂർത്തം കാത്തു കുഴഞ്ഞു മടങ്ങിയ

കരവിരലോടെ, ദിപകുറ്റികൾ

നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ"

➢ മുക്കുറ്റിയെ ദീപകുറ്റിയായി കവി അവതരിപ്പിക്കുന്നു.

➢ ഓണത്തെ, മാവേലിയെ കാത്ത് അക്ഷമയോടെ ഇരിക്കുന്ന മുക്കുത്തികൾ

➢ പ്രകൃതിയിൽ മനുഭ്യഭാവനയെ ആരോപിച്ചിരിക്കുന്നു.

- 'പനയോല പിരിച്ചെഴുതിയാൽ പന + ഓല

**<u>വിഗ്രഹിക്കുക</u>**

പനയോല - പനയുടെ ഓല

പാവനഭാവം - പാവനമായ ഭാവം

മധുരോദാരം - മധുരവും ഉധാരവും

- "ഏതുമുറങ്ങാതെമ്പാടും വയ -
ലേലകൾ തോറും നടുവിൽ പൊൽക്കിഴി -
........................................ലസിപ്പൂ നെയ്യാമ്പലുകൾ"

➢ രാത്രിയിലും ഉറങ്ങാതെ വിടർന്നു നിൽക്കുന്ന നെയ്യാമ്പലുകൾ

➢ മാവേലിയെ സ്വികരിക്കാൻ നെയ്യാമ്പലുകൾ വെള്ളിത്താലവുമായി നിരന്നു നിൽക്കുന്നു.

■ നീളും മലയുടെ ചങ്ങലവട്ടയിൽ

............................................................

................................ ക്കോടിയുടുത്തൊരുഷസ്സേ

- വരികളിലെ ചമൽക്കാരഭംഗി വർണ്ണിക്കുക

➢ കിഴക്കുദിക്കിൽ ചേർന്നുനിൽക്കുന്ന മലനിരകൾക്കിടയിലൂടെ കാണാവുന്ന സൂര്യോദയം.

- മലകൾക്കിടയിൽ പതുക്കെ പ്രത്യക്ഷപ്പെടുന്ന സൂര്യൻ.
- സൂര്യരശ്മികളാകുന്ന നാളങ്ങൾക്ക് പുലരി എന്ന പെൺകിടാവ് തന്റെ മനോഹരമായ വിരലുകളാൽ മിഴിവേകുന്നു.
- വളരെ പതുക്കെ പ്രകൃതിയുടെ തിരുമുറ്റത്ത് പ്രവേശിക്കുന്ന സൂര്യനെ ഒരു പെൺകിടാവ് വിളക്കുമായി പ്രവേശിക്കുന്നതിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

■ <u>വരികൾ വ്യാഖ്യാനിക്കുക.</u>

പഴമയിൽ ഇഴയും...............

...............................ഇവരറിയുന്നീലെന്നഭിമാനം!

- മലയാളികളുടെ സാംസ്ക്കാരിക പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്ന കവി.
- പരിഷ്ക്കാരം നല്ലതിനാണെങ്കിലും പഴമയുടെ പ്രൗഢികളെ തള്ളിക്കളയുന്ന ഒരു രീതി ഉപേക്ഷിക്കണം.
- നമ്മുടെ സംസ്ക്കാരത്തെ നിലനിർത്തിയ അനേകം വിശ്വാസങ്ങളും ആചാരങ്ങളും നാടിന്റെ വികസന ചരിത്രത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.
- നാട്ടാചാരങ്ങളെയും നാടൻ ശീലുകളെയും മാറ്റിനിർത്തിയാൽ നമ്മുടെ സംസ്ക്കാരം ഇല്ലാതാകുന്നു.

■ "ഞങ്ങളുടെ കൊച്ചു കിനാവുകൾ തേടിയലഞ്ഞു മാ-

ലർക്കളമെഴുതിക്കാത്തോരരചനെ"

- മലയാളിയുടെ മനസ്സിലെ സ്വപ്നങ്ങളും പ്രതീക്ഷകളുമാണ് മാവേലിയും ഓണപ്പാട്ടും.
- കൊച്ചു കിനാവുകളാകുന്ന പൂക്കൾകൊണ്ട് പൂക്കളംതീർത്ത് തങ്ങളുടെ രാജാവിനെ (മാവേലിയെ) കാത്തിരിക്കുന്നു ഞങ്ങൾ.

■ ഘടകപദമാക്കുക

മലർക്കളമെഴുതി കാത്തോരരചൻ

മലർക്കളം, എഴുതി, കാത്ത, ഒരു, അരചൻ

■ "പഴയൊരു പുള്ളുവനാണല്ലോ ഞാൻ"

- കവി താൻ പഴയൊരു പുള്ളുവനാണെന്നു പറയുന്നു
- നാടിനെ ആകമാനം പാടി ഉണർത്തുന്നവനാണ് പുള്ളുവൻ
- പുള്ളുവൻ നാടിന്റെ ദോഷമകറ്റാനായി പാടുന്നു
- കർഷകരുടെ കവിയാണ് വൈലോപ്പിള്ളി
- നാടൻ പാട്ടിനോടുള്ള കവിയുടെ ആഭിമുഖ്യം
- പ്രതിഫലം ആഗ്രഹിക്കാതെ കവിതയെഴുതുന്ന കവി

■ "എൻ പ്രിയമകളാം വീണപ്പെണ്ണും"

- കവി സ്വന്തം കവിതകളെ വീണപ്പെണ്ണ് എന്ന് സൂചിപ്പിക്കുന്നു.
- വീണയുടെ മധുരനാദംപോലെ ഇമ്പമുള്ള കവിതകൾ.

- വൈലോപ്പിള്ളിയുടെ കവിതകളുടെ സവിശേഷതകളായി ഈ കാവ്യഭാഗത്ത് കാണുന്നതെന്തെല്ലാം?
  - സാധാരണക്കാരായ പുള്ളുവന്റെയും പാണന്റെയും പാട്ടുകളാണ് കവിത.
  - കർഷകരുടെ ഹൃദയമിടിപ്പും ജീവിത താളവുമാണത്.
  - ഓണസദ്യയും ഓണക്കളികളും നിറഞ്ഞ പഴയകാല ഓർമ്മകൾ നിറഞ്ഞ വരികൾ.
- പരിഷ്ക്കാരത്തിൻ തിണ്ണയിലുള്ളവർ-വ്യാഖ്യാനിക്കുക
- പരിഷ്കൃത സമൂഹം കവിയെപ്പോലുള്ളവരെ അവഗണിക്കുമോ എന്ന ആശങ്ക.
- സാധാരണക്കാരുടെ അഭിമാനമായ ഓണത്തെയും മാവേലിയെയും അതിന്റെ പ്രൗഢിയോടെ വരവേൽക്കേണ്ടത് മലയാളത്തിന്റെ ആവശ്യമാണ്.
- പുതിയ കാലത്തിന്റെ വേഗത സൂചിപ്പിക്കുന്നു
- പുതിയ തലമുറയ്ക്ക് പഴയകാലത്തോടുള്ള സമീപനം അവതരിപ്പിച്ചിരിക്കുന്നു.

- **വ്യാഖ്യാനിക്കുക**

  പൊന്നിൻ ചിങ്ങം വന്നു പിറന്നു കരഞ്ഞു ചിരിച്ചു കുടഞ്ഞു.

- കർക്കിടമാസത്തിലെ കറുത്ത മഴക്കാലത്തിൽ നിന്ന് മാറി ചെറിയ മഴയും വെയിലും കൊണ്ട് തെളിയുന്ന അന്തരിക്ഷമാണ് ചിങ്ങമാസത്തിലുള്ളത്. അക്കാലമാണ് മലയാളിയുടെ സന്തോഷത്തിന്റെ കാലം.
- ഓണസദ്യയും ഓണക്കളിയും ആസ്വദിച്ച് കഴിയുന്ന തന്റെ മക്കളെ വാത്സല്യത്തോടെ നോക്കി സന്തോഷിപ്പിക്കുന്ന മാവേലിയുടെ ചിത്രം.

- എൻപ്രിയമകളാം വീണപ്പെണ്ണ്
  - ഇവിടെ വീണപ്പെണ്ണ് എന്ന് സൂചിപ്പിക്കുന്നത് ആരെയാണ്?

  വൈലോപ്പിള്ളി, സ്വന്തം കവിതകളെയാണ് വീണപ്പെണ്ണ് എന്ന് സൂചിപ്പിക്കുന്നത്.

# കോഴിയും കിഴവിയും- കഥ

കാരൂർ നീലകണ്഻ഠപിള്ള

**കാരൂർ നീലകണ്഻ഠപിള്ള**

അധ്യാപക കഥകൾ എഴുതിയ കഥാകാരൻ.

സാഹിത്യ പ്രസാധകൻ സഹകരണസംഘത്തിന്റെ സ്ഥാപക സെക്രട്ടറി.

ജനനം: 1898 ഫെബ്രുവരിയിൽ കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ.

നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറമായിരുന്നു കാരൂർ കഥകളുടെ തട്ടകം

കൃതികൾ: മരപ്പാവകൾ, പൂവൻപഴം, പിശാചിന്റെ കുപ്പായം, പൊതിച്ചോറ്, തെരഞ്ഞെടുത്ത കഥകൾ

## കോഴിയും കിഴവിയും

കാരൂരിന്റെ കഥകൾ എന്ന കൃതിയിൽ നിന്നെടുത്ത ‘ കോഴിയും കിഴവിയും’ നാട്ടിൻപുറത്തെ രണ്ട് കുടുംബങ്ങളുടെ കഥ പറയുന്നു. അയൽപക്കത്തെ രണ്ട് കുടുംബങ്ങൾ തമ്മിലുള്ള നിസാരമായ പ്രശ്നം രമ്യമായി പരിഹരിക്കാൻ കഴിയാതെ ഗുരുതര പ്രശ്നമായി മാറുന്നത് ആക്ഷേപഹാസ്യരൂപേണ അവതരിപ്പിക്കുന്നു. ഗ്രാമജീവിതത്തിന്റെ വെളിച്ചം തിരിച്ചറിയാനും, നാട്ടുനന്മകളുടെ മങ്ങിത്തുടങ്ങിയ ദീപനാളങ്ങൾ തെളിച്ചുണർത്താനും ഈ കഥ സഹായകമാകുന്നു.

## പാഠസംഗ്രഹം

മത്തായിയും മർക്കോസും മത്തായിയുടെ അമ്മയുമാണ് കോഴിയും കിഴവിയും എന്ന കഥയിലെ പ്രധാന കഥാപാത്രങ്ങൾ. ഒരു കോഴിയെ ആരോ എറിഞ്ഞു കൊന്നുവെന്ന നിസാര സംഭവത്തെ സൂചിപ്പിച്ചുകൊണ്ടാണ് കഥ തുടങ്ങുന്നത്. മർക്കോസിന്റെ അപ്പൻ നൽകിയ ഭൂമിയിലാണ് മത്തായിയുടെ അമ്മ കുടിൽ കെട്ടി ജീവിതം ആരംഭിച്ചത്. ജന്മിയായ മാർക്കോസിന്റെ കുടുംബം ക്ഷയിച്ചപ്പോൾ മത്തായിയുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെട്ടുവന്നു. മത്തായിയുടെ അമ്മ ചെറുതും വലുതുമായ പല ജോലികളിലും ഏർപ്പെട്ട് പണം സമ്പാദിച്ചു. തന്നെക്കാൾ മത്തായി വലുതാകുന്നത് മർക്കോസിന് സഹിച്ചില്ല. മനസ്സിന്റെ ഉള്ളിൽ രൂപംകൊണ്ട മത്സരബുദ്ധി അനുകൂലമായ സന്ദർഭത്തിൽ മറനീക്കി പുറത്തുവന്നു. കോഴി അതിനൊരു കാരണമായി.

മർക്കോസിന്റെ വീട്ടുകാർ എറിഞ്ഞുകൊന്ന തങ്ങളുടെ കോഴിയെ കറിവെച്ചുതിന്ന് മത്തായി പ്രകടിപ്പിക്കുന്ന വിദ്വേഷത്തിന്റെ തുടക്കം കഥാകൃത്ത് വിവരിക്കുന്നത് ഇങ്ങനെയാണ്, 'ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്ത് ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു.' മത്തായിയും മർക്കോസും തമ്മിലുള്ള ശത്രുത അവരുടെ മക്കളിലേയ്ക്കും പടർന്നു. പരസ്പരം ഉപദ്രവിക്കുന്നതിൽ സന്തോഷം കണ്ടെത്തി. മത്തായിയുടെ അമ്മ മാത്രമാണ് അവരുടെ ഈ പ്രവർത്തികളോട് എതിർത്ത് നിന്നത്. കോഴിയുടെ അവശിഷ്ടങ്ങൾ മർക്കോസിന്റെ പറമ്പിൽ കുഴിച്ചിട്ട് അയാളുടെ പേരിൽ മോഷണകുറ്റം ചുമത്തി കേസുകൊടുക്കുന്നു. പോലീസുകാർ കള്ളനെ പിടികൂടി കൊണ്ടുപോകാൻ തുടങ്ങുമ്പോൾ അയൽവീട്ടിലെ വൃദ്ധയെ കാണാൻ അനുവദിക്കണമെന്ന് മർക്കോസ് ആവശ്യപ്പെടുന്നു. അയാളെ കള്ളക്കേസ്സിൽ കുടുക്കിയ തന്റെ മകന്റെ പ്രവർത്തി വൃദ്ധ പോലിസിനെ അറിയിക്കുന്നു. മർക്കോസിനെ വിട്ടയയ്ക്കുന്നു. വൃദ്ധമാതാവ് നടത്തിയ ഈ വെളിപ്പെടുത്തൽ നാട്ടിൻപുറത്തെ നന്മ വിളിച്ചുണർത്തുന്നു.

## അധിക വായനയ്ക്ക്

'നാട്യപ്രാധാന്യം നഗരം ദരിദ്ര്യം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം'

കുറ്റിപുറത്ത് കേശവൻനായർ

## സവിശേഷ പ്രയോഗങ്ങളും അർത്ഥ സൂചനയും

- ആ രാത്രി അത് മത്തായിയുടെ തലയ്ക്കകത്ത് മാന്തുകയും കൊത്തിപ്പറിക്കുകയും ചെയ്തു.

പൂവൻകോഴിയെ വെച്ച് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടാക്കാമെന്ന് ചിന്തിച്ച മത്തായി

- അതിന്റെ ജീവൻ പോകുന്നത് കാണുമ്പോൾ കണ്ണ് നിറയാത്തത് കണ്ണിൽ കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നത് കൊണ്ടാണ്.

കോഴിയിറച്ചിയോടുള്ള കൊതി കോഴിയുടെ വേദനയെ കാണാതിരിക്കാൻ പ്രേരിപ്പിക്കുക എന്ന ആക്ഷേപഹാസ്യം.

- ആ സ്വാദുള്ള ശവം അവരുടെ പറമ്പിനരികിൽ കിടന്നു.

പൂവൻ കോഴിയുടെ ചത്ത ശരീരം - കറിവെയ്ക്കാമെന്ന ചിന്ത

- ആ പൂവൻ കോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു.

കോഴിയുമായി ബന്ധപ്പെട്ട് വരാൻ പോകുന്ന പ്രശ്നങ്ങൾ

- അവർ അന്ന് സുഖമായി അത്താഴം കഴിച്ചു. കുറച്ച് താമസിച്ചെന്നുമാത്രം.

| |
|---|
| മർക്കോസിന്റെ വീട്ടുകാർ എറിഞ്ഞുകൊന്ന തങ്ങളുടെ കോഴിയെ മത്തായിയും കുടുംബവും കറിവെച്ച് കഴിച്ചു. രാത്രി ആരും അറിയാതെ കറിവെച്ചു കഴിച്ചത്. |

- മകനെ മൂട് മറക്കരുത്-

| |
|---|
| ചെയ്തുതന്ന ഉപകാരം മറക്കാതിരിക്കുക |

- ആ വീട്ടുകാരുടെ ഇടയിൽ ഒരു അഗ്നിപർവ്വതം പൊട്ടാറായി നിൽക്കുകയാണ് .

| |
|---|
| പൂവൻകോഴിയുമായി ബന്ധപ്പെട്ട പ്രശ്നം ഗുരുതരമായ പ്രശ്നമായി മാറാൻ പോകുകയാണ്. |

**വിഗ്രഹരൂപം**

കയ്യബദ്ധം - കൈയ്ക്ക് പറ്റിയ അബദ്ധം

അയൽദൂഷണം - അയൽക്കാരെക്കുറിച്ചുള്ള ദൂഷണം

**അർത്ഥ സൂചന**

കോഴി - സമ്പത്ത്     കിഴവി- മൂല്യങ്ങൾ

എതിരുപിടിക്കുക - വിപരീതമായി പ്രവർത്തിക്കുക

'നോക്കിക്കോ' എന്ന കോഴിയുടെ കൂവൽ

- മത്തായിയുടെ പ്രതികാര ബുദ്ധി

'മത്തായിയുടെ വീട്ടിൽ സകല വായും അടച്ചുപൂട്ടി മുദ്രവെച്ചിരിക്കുന്നു.'

- സ്വയരക്ഷക്കായി മത്തായിയുടെ വീട്ടിൽ ആരും ഒന്നും മിണ്ടുന്നില്ല.

- മുകളിൽ നിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസ്

  - ധനസ്ഥിതി മോശമായത്

**കഥാപാത്ര സവിശേഷതകൾ**

**മർക്കോസ്**

തറവാടിത്തത്തിൽ അഭിമാനം കൊള്ളുന്നവൻ

സമൃദ്ധിയിൽ നിന്നും ദാരിദ്ര്യത്തിലേയ്ക്ക് പോയവൻ

അയൽപക്ക സൗഹൃദമില്ല

മത്തായിയുടെ അമ്മയോട് സ്നേഹമുള്ളവൻ

കുട്ടികളുടെ ഇടയിലെ വഴക്ക് തടയുന്നില്ല

**മത്തായി**

നന്ദിയും കടപ്പാടും ഇല്ലാത്ത സ്വഭാവം

അമ്മയോടു പോലും ദേഷ്യം

മർക്കോസിന്റെ കുടുംബത്തെ നിരന്തരം ദ്രോഹിക്കുന്നവൻ

കള്ളകേസിൽ കുടുക്കി മർക്കോസിനെ ജയിലിലാക്കാൻ ശ്രമിക്കുന്നു

**മത്തായിയുടെ അമ്മ**

ഗ്രാമീണതയുടെ പ്രതീകം

ദാരിദ്ര്യത്തോട് പൊരുതി ജീവിത വിജയം നേടിയവൾ

അഭയം നൽകിയ കുടുംബത്തോട് നന്ദിയുള്ളവൾ

മകന്റെ മോശം പെരുമാറ്റത്തിൽ ദു:ഖം

മകനൊരുക്കിയ ചതിയിൽ നിന്നും മർക്കോസിനെ രക്ഷിക്കുന്നു.

## യൂണിറ്റ്-3
# വാക്കുകൾ വിടരുന്ന പുലരികൾ

**പ്രവേശകം**

**തത്തമ്മ- അയ്യപ്പപ്പണിക്കർ**

നന്മകൾ കണ്ടാൽ ഉറക്കെ വിളിച്ചുപറയാനും തിന്മകൾ കണ്ടാൽ വിമർശിക്കാനുമുള്ള ധൈര്യം ഏതൊരാൾക്കുമുണ്ടാകണം. ഇത്തരത്തിലുള്ള വ്യക്തികളാണ് സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുന്നത്.

**അയ്യപ്പപണിക്കർ**

ആധുനികതയെ മലയാള സാഹിത്യ ലോകത്തിന് പരിചയപ്പെടുത്തികൊടുത്തയാൾ എന്ന നിലയ്ക്കാണ് അയ്യപ്പപണിക്കർ അറിയപ്പെടുന്നത്. നിരന്തരമായ നവീകരണത്തിലൂടെ അദ്ദേഹം മലയാള കവിതയെ ലോകശ്രദ്ധയിൽ കൊണ്ടുവന്നു. പ്രഗത്ഭനായ അധ്യാപകൻ, വിമർശകൻ, ഭാഷാ പണ്ഡിതൻ എന്നീ നിലകളിലും ശ്രദ്ധേയനാണ്.

**തത്തമ്മ- വിശകലനം**

- തത്തമ്മ കേട്ടത് ആവർത്തിക്കുന്നു. (പറഞ്ഞു പഠിപ്പിച്ചത് ഉരുവിടുന്നു)
- നമ്മൾ കേട്ടത്, കണ്ടത് ചൊല്ലാൻ കഴിയട്ടെ എന്ന് കവി ആശംസിക്കുന്നു.
- തിന്മകൾ കണ്ടാൽ പ്രതികരിക്കാൻ കഴിയണം.
- തിന്മകൾ കണ്ടാൽ കൊത്തികീറാൻ കൊക്കിന് കഴിയട്ടെ.

കാണുന്നതും കേൾക്കുന്നതും
പറയാൻ മാത്രമല്ല അവയോട് ശക്തമായി
പ്രതികരിക്കുകയും വേണം.

## ശ്രീനാരായണഗുരു

**കുറ്റിപ്പുഴ കൃഷ്ണപിള്ള**

* നിരൂപകൻ
* ചിന്തകൻ

## പാഠസംഗ്രഹം

കേരളത്തിലെ നവോത്ഥാന നായകൻമാരിൽ പ്രമുഖനാണ് ശ്രീനാരായണഗുരു. ജാതി ചിന്തയാൽ അധ:പതിച്ചുപോയ കേരളസമൂഹത്തെ അറിവിന്റെ വെളിച്ചം പകർന്ന് ഉയർത്തിക്കൊണ്ടുവന്ന മഹാഗുരുവാണ് അദ്ദേഹം. നൂറ്റാണ്ടുകളായി ചവിട്ടിമെതിക്കപ്പെട്ടുകിടന്ന അധ:കൃതവർഗ്ഗത്തെ ഉദ്ധരിക്കാതെ സമൂഹത്തിന് പുരോഗതി നേടാനാകില്ല എന്ന് തിരിച്ചറിഞ്ഞ ഗുരു അതിന് വേണ്ടിയാണ് ഏറെ പ്രയത്നിച്ചത്.

ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾക്ക് ഏറെ പ്രസക്തിയുള്ള ഒരു കാലമാണിത്. ആരാധനാലയങ്ങൾക്ക് പകരം വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽശാലകളുമാണ് വേണ്ടത് എന്ന് പ്രഖ്യാപിച്ച മഹാനാണ് ഗുരു. ജാതി-മത-വർഗ്ഗ ഭേദങ്ങൾക്കപ്പുറം ഏകലോകം എന്ന ആശയം അവതരിപ്പിച്ചു ശ്രീനാരായണഗുരു.

അന്ധവിശ്വാസവും അനാചാരങ്ങളും ഇല്ലാത്ത ഒരു സമൂഹത്തെയാണ് ശ്രീനാരായണ ഗുരു ആഗ്രഹിച്ചത്. അയിത്തം എന്ന ദുഷിച്ച വ്യവസ്ഥിതി മാറാൻ കാരണം ശ്രീനാരായണ ഗുരു ഉൾപ്പെടെയുള്ള സാമൂഹ്യ പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങളാണ്.

'മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി' എന്ന ഗുരുവചനത്തിൽ മനുഷ്യനന്മക്കാണ് പ്രാധാന്യം. അത്തരം നന്മയ്ക്ക് മതം ആവശ്യമില്ല എന്ന ധ്വനി ഉണ്ട്. ഒരു പ്രത്യേക മതത്തെപ്പറ്റി മാത്രം പറയാതെ എല്ലാ മതനദികളും ചെന്നു ചേരുന്ന മഹാസമുദ്രത്തെപ്പറ്റിയാണ് തത്വജ്ഞാനിയായ ഗുരു വിഭാവനം ചെയ്തത്. മറ്റ് ഇന്ത്യൻ സന്യാസിമാരിൽ നിന്നും വ്യത്യസ്തനാണ് ശ്രീനാരായണഗുരുദേവൻ. ഇന്നത്തെ സാംസ്ക്കാരിക കേരളം രൂപപ്പെടുത്തുന്നതിൽ ശ്രീനാരായണഗുരു വഹിച്ച പങ്ക് വലുതാണ്. ഏറ്റവും ലളിതമായ ഭാഷയിൽ ഏവർക്കും മനസ്സിലാകുന്ന തരത്തിലാണ് ഗുരുചിന്തകൾ അവതരിപ്പിക്കപ്പെട്ടത്. താഴ്ന്ന സമുദായം എന്ന മുദ്ര കുത്തപ്പെട്ട മനുഷ്യരെ പടിപടിയായി ഉയർത്തുന്നതിനാണ് ഗുരു ശ്രമിച്ചത്. വിദ്യാഭ്യാസം, വ്യവസായം, സംഘടന, ജീവിതശുദ്ധി എന്നിവയാണ് ഗുരു ആഗ്രഹിച്ചത്.

കേരളത്തെ ജാതിപാതാളത്തിൽ നിന്ന് ഉയർത്തി നവീകരിച്ച
സാമൂഹിക പരിഷ്ക്കർത്താവാണ് ശ്രീനാരായണഗുരുദേവൻ

കണ്ണാടി പ്രതിഷ്ഠയിലൂടെ മനുഷ്യനെ മനുഷ്യനായി കണാൻ ഗുരു പഠിപ്പിച്ചു.

**ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്**
**മതമേതായാലും മനുഷ്യൻ നന്നായാൽ മതി.**

എന്നീ ഗുരുവചനങ്ങൾ ജാതി ചിന്തക്കെതിരെയുള്ള ശക്തമായ ആയുധമായി മാറി.

## പാഠവിശകലനം

1. **മറ്റ് ഇന്ത്യൻ സന്യാസിമാരിൽ നിന്ന് ശ്രീനാരായണഗുരു വ്യത്യസ്തനാകുന്നതെങ്ങനെ?**

- മറ്റു സന്യാസിമാർ സ്വന്തം ക്ഷേമം മാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ചപ്പോൾ ശ്രീനാരായണഗുരു സമൂഹത്തിന്റെ ഉയർച്ച ലക്ഷ്യമാക്കിയാണ് പ്രവർത്തിച്ചത്.
- ആധ്യാത്മികതയെയും ഭൗതികതയെയും തുല്യപ്രാധാന്യത്തോടെ കാണാൻ ഗുരു പഠിപ്പിച്ചു.

- ഏവർക്കും മനസിലാകുന്ന ഭാഷയിലാണ് ഗുരുചിന്തകൾ അവതരിപ്പിച്ചത്.

**2. ഗുരു കണ്ണാടി പ്രതിഷ്ഠ നടത്തിയത് എന്തിനുവേണ്ടിയായിരുന്നു.?**

- മനുഷ്യന്റെ ഉള്ളിൽതന്നെയാണ് ഈശ്വരൻ ഉള്ളതെന്നും അതിന്റെ വികാസമാണാവശ്യമെന്നും ബോധ്യപ്പെടുത്താൻ.
- കണ്ണാടി പ്രതിഷ്ഠയിലൂടെ മനുഷ്യനെ മനുഷ്യനായി കാണാൻ

## ഗുരുവിന്റെ സവിശേഷതകൾ

* മനുഷ്യജാതിയെന്ന ആശയത്തെ അവതരിപ്പിച്ചു.
* കേരള സമൂഹത്തെ ജാതിചിന്തയിൽ നിന്ന് മോചിപ്പിച്ചു.
* കേരളിയരെ മനുഷ്യത്വം പഠിപ്പിച്ചു.
* അധ്യാത്മികതയെയും ഭൗതികതയെയും തുല്യപ്രാധാന്യത്തോടെ കണ്ടു.
* വിദ്യാഭ്യാസം, വ്യവസായം, സംഘടന, ജീവിതശുദ്ധി-ഇതൊക്കെയാണ് അധഃസ്ഥിത സമുദായങ്ങൾക്ക് വേണ്ടതെന്ന് ബോധ്യപ്പെടുത്തി.
* തത്വചിന്തകൾ സാധാരണക്കാർക്ക് മനസ്സിലാകുന്നവിധം ലളിതമാക്കി അവതരിപ്പിച്ചു.
* മനുഷ്യരെ സ്വതന്ത്ര ബോധമുള്ളവരാക്കി മാറ്റി.

## വിഗ്രഹാർത്ഥം

നിശ്ശങ്കം - ശങ്കയില്ലാതെ

ജാതിപിശാച് - ജാതിയാകുന്ന പിശാച്

മൂഢാചാരം - മൂഢമായ ആചാരം

അന്ധവിശ്വാസം - അന്ധമായ വിശ്വാസം

ജാതിപ്പാതാളം - ജാതിയാകുന്ന പതാളം

## കുറ്റിപ്പുഴ കൃഷ്ണപിള്ള

മലയാള നിരൂപണത്തിലെ വിപ്ലവകാരിയും നവചിന്തകൾക്ക് അടിത്തറപാകിയ പ്രമുഖ എഴുത്തുകാരനുമാണ് കുറ്റിപ്പുഴ കൃഷ്ണപിള്ള. 20-ാം നൂറ്റാണ്ടിന്റെ ധൈഷണിക ജീവിതത്തെ വളരെ അധികം സ്വാധീനിച്ച നിരൂപക പ്രതിഭയാണ് അദ്ദേഹം. സോഷ്യലിസ്റ്റ് ചിന്തകളെയും മാനവികമൂല്യങ്ങളെയും സമന്വയിപ്പിച്ച ചിന്തകനാണ് അദ്ദേഹം. പാണ്ഡിത്യവും ചിന്തയുടെ നിർഭയത്വവും ആശയങ്ങളുടെ തീക്ഷ്ണതയും കൊണ്ടാണ് കുറ്റിപ്പു

ഴയുടെ നിരീക്ഷണങ്ങൾ സവിശേഷമായത്. 1922-ൽ ആലുവ അദ്വൈതാശ്രമത്തിൽ വെച്ച് ഗുരുവിനെ പരിചയപ്പെട്ടതുമുതൽ കടുത്ത ഗുരുപക്ഷ ചിന്താദർശന സമന്വയ പാതയിലേക്ക് കുറ്റിപ്പുഴയും എത്തിപ്പെട്ടു. ഗുരുനിത്യചൈതന്യയതി കുറ്റിപ്പുഴയുടെ ശിഷ്യഗണങ്ങളിലെ മഹത് വ്യക്തിത്വമാണ്.

ഭൂതകാലത്തെ വിമർശിക്കുക

വർത്തമാനകാലത്തെ നേരിടുക

ഭാവി രൂപവൽക്കരിക്കുക - എന്നതായിരുന്നു കുറ്റിപ്പുഴയുടെ ആശയദർശനം, വിവർത്തകൻ, പുരോഗമന സാഹിത്യകാരൻ, വാഗ്മി, പത്രപ്രവർത്തകൻ എന്നീ നിലകളിൽ അടയാളപ്പെടുത്തപ്പെട്ടു - കുറ്റിപ്പുഴ കൃഷ്ണപിളള.

**കുറ്റിപ്പുഴയുടെ പ്രധാനകൃതികൾ**

- നവദർശനം
- വിചാര വിപ്ലവം
- വിമർശനവും വീക്ഷണവും
- സ്മരണാമഞ്ജരി
- തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ
- സാഹിതീയം

**നിങ്ങളൊരു വൃക്ഷം നടുക**
**പഴവുമാകും തണലുമാകും**
**- ശ്രീനാരായണഗുരു**

**ശ്രീനാരായണഗുരുവിന്റെ കൃതികൾ**

- ആത്മോപദേശശതകം
- ദർശനമാല
- അനുകമ്പാദശകം

# പത്രനീതി

**സുകുമാർ അഴീക്കോട്**

പത്രങ്ങളുടെ ധർമ്മവും കടമയും വിശദമാക്കുകയാണ് സുകുമാർ അഴീക്കോട് പത്രനീതി എന്ന ലേഖനത്തിലൂടെ.

## പാഠവിശകലനം

ജനമനസ്സുകളിൽ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സ്വാധീനം ചെറുതല്ല.

> ***ബയണറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ് - നെപ്പോളിയൻ***

- ബയണറ്റിന്റെ മൂർച്ച ഭയങ്കരമാണ്. അതിനെക്കാൾ മൂർച്ചയാണ് പത്രത്തിന്. സൂര്യന് കീഴിലുള്ള എല്ലാത്തിനെയും പറ്റി വാർത്തകൾ തരുന്നു, അവയെ വിമർശിക്കുകയും ചെയ്യുന്നു പത്രങ്ങൾ.
- പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല. ഭരണാധികാരികൾ പോലും പത്രത്തെ ഭയക്കുന്നു.
- അരാജകമായ ഒരവസ്ഥയിൽ പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം രക്ഷിക്കുന്നു. - ജെഫേഴ്സൺ
- പത്രങ്ങൾ ഏറ്റവും കൂടുതൽ അതിജീവിക്കുന്നത് അവയുടെ വഷളത്തരം കൂടുമ്പോഴാണ്. ഈ പ്രസ്ഥാവനയെ മുൻനിർത്തി ഓസ്കാർ വൈൽഡ് 'പത്രം വായിക്കാൻ കൊള്ളുകയില്ല' എന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു.
- മൃഗങ്ങളുടെ മേൽ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞർ പത്രപ്രവർത്തകരുടെ മേൽ ശസ്ത്രക്രിയ നടത്തി പരീക്ഷിക്കട്ടെ എന്ന് ഇബ്സൺ.
- പത്രങ്ങൾ അച്ചടിച്ചത് അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്ന് സാമുവൽ ബട്ട്ലർ അഭിപ്രായപ്പെട്ടിരിക്കുന്നു.
- പത്രവായനാശീലം മാറ്റാൻ പ്രയാസമായതിനാലും മാറ്റിയിട്ടും ഫലമില്ലാത്തതിനാലും പത്രവായന തുടരുന്നുവെന്ന് അഴിക്കോട് പറയുന്നു.
- പല പത്രങ്ങൾ വായിക്കുക അതിൽ നിന്നും സത്യം കണ്ടുപിടിക്കാൻ ശ്രമിക്കുക. ഗുണിക്കലിലൂടെ ഹരിക്കലിലൂടെ ഊഹത്തിലൂടെ ഭാവനയിലൂടെ സത്യത്തെ കണ്ടെത്താൻ കഴിയുമെന്ന് അഴിക്കോട് പറയുന്നു.

## വിഗ്രഹിക്കുക

പത്രനീതി - പത്രത്തിന്റെ നീതി

## ഉപന്യാസം/മുഖപ്രസംഗം

മാധ്യമങ്ങളുടെ പ്രസക്തി വർത്തമാനകാലത്ത്.

- വർത്തമാനകാലഘട്ടത്തിൽ വാർത്തകൾ വിനിമയം ചെയ്യാൻ വ്യത്യസ്ത മാധ്യമങ്ങൾ ഉപയോഗിക്കുന്നു. (ടി.വി, പത്രം, ഫെയ്സ്ബുക്ക്, യൂടൂബ്, ട്വിറ്റർ, ...............)
- ഇന്നത്തെ മാധ്യമങ്ങൾ വാർത്തകളെ എങ്ങനെ സമീപിക്കുന്നു.
- വാർത്തകൾ എങ്ങനെയായിരിക്കണം അവതരിപ്പിക്കേണ്ടത്. - നിങ്ങളുടെ കാഴ്ചപ്പാട്.
- യഥാർത്ഥ വസ്തുത തിരിച്ചറിഞ്ഞ് വാർത്തകളിൽ നിന്ന് സത്യത്തെ കണ്ടെത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

## മുഖപ്രസംഗം/എഡിറ്റോറിയൽ

സമൂഹത്തിന് ദിശാബോധം നൽകുന്നതിനും ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും ആശയങ്ങൾ പങ്കുവെക്കാൻ വാർത്താമാധ്യമങ്ങളിലെ ഒരു കോളമാണ് മുഖപ്രസംഗം അഥവാ എഡിറ്റോറിയൽ. താഴെ പറയുന്ന ഘടകങ്ങൾ ഒരു മുഖപ്രസംഗത്തിനുണ്ടാകും.

- തലക്കെട്ട്
- ശക്തമായ ഭാഷ
- വിഷയാപഗ്രഥനം
- കാരണം/പരിഹാരങ്ങൾ
- പ്രതികരണത്തിനുള്ള പ്രേരണ
- പത്രങ്ങളുടെ കച്ചവട മനോഭാവം
- പരസ്യങ്ങളുടെ അതിപ്രസരം
- ഇന്നത്തെ പത്രങ്ങളുടെ നിലപാടുകൾ

## ഉപന്യാസം തയ്യാറാക്കാം

"മാധ്യമരംഗത്തെ ആധുനിക പ്രവണതകൾ" - എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**സൂചനകൾ:-**

- പത്ര ധർമ്മം
- ഇന്നത്തെ പത്രങ്ങളുടെ നിലപാടുകൾ
- മാധ്യമങ്ങളുടെ കച്ചവട മനോഭാവം
- രാഷ്ട്രിയ നിലപാടുകൾ
- ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് ആധികാരികത ഉണ്ടോ
- പത്രങ്ങളിൽ നിന്ന് നവമാധ്യമങ്ങളിലേക്കുള്ള വളർച്ച
- വാർത്താശേഖരണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ
- യഥാർത്ഥമായി വാർത്തകൾ നൽകാനാവാത്ത സ്ഥിതി
- കാലത്തിനനുസരിച്ച് മാധ്യമങ്ങൾക്കുള്ള മാറ്റം

**നവമാധ്യമങ്ങൾ/ സോഷ്യൽ മീഡിയ**

ബ്ലോഗുകൾ

ഫെയ്സ് ബുക്കുകൾ

ടിിറ്റർ

വാട്സാപ്പ്

ഇൻസ്റ്റഗ്രാം, ടെലഗ്രാം എന്നിവയിലൂടെ

- അവരവർ പ്രസാധകരാകുന്നു
- സ്വതന്ത്രമായി പ്രതികരണം നടത്തുന്നു
- മാധ്യമങ്ങൾ തിരസ്ക്കരിക്കുന്നത് നവമാധ്യമങ്ങൾ പുറത്തെത്തിക്കുന്നു
- മൊബൈലുകൾ സമൂഹത്തെ സ്വാധീനിച്ചുകഴിഞ്ഞു
- ലോകം വിരൽത്തുമ്പുകളിലായി മാറി
- നവമാധ്യമങ്ങളുടെ സാംസ്ക്കാരിക വിനിമയ നിലപാടുകൾ
- നവമാധ്യമങ്ങളുടെ നന്മയും തിന്മയും

**വിഗ്രഹാർത്ഥം**

ദ്രോഹകാരിത്വം - ദ്രോഹം ചെയ്യുന്നതിനുള്ള കഴിവ്

■ ജനാധിപത്യത്തിലെ നാലാമത്തെ ശക്തിയാണ് മാധ്യമങ്ങൾ/ പത്രങ്ങൾ ( Fourth Estate of Democracy). മറ്റു മൂന്നെണ്ണം ഏതെല്ലാം ?




## സുകുമാർ അഴിക്കോട് - 1926-2012

കണ്ണൂർ ജില്ലയിലെ അഴീക്കോട് ജനിച്ചു. കാലിക്കറ്റ് സർവ്വകലാശാലയിൽ ആക്ടിംഗ് വൈസ് ചാൻസലർ പദവി വഹിച്ചു. നിരൂപകൻ, വാഗ്മി, അധ്യാപകൻ എന്നീ നിലകളിൽ പ്രസിദ്ധനാണ്. കേന്ദ്ര കേരള സാഹിത്യ അക്കാദമി വയലാർ എഴുത്തച്ഛൻ പുരസ്ക്കാരങ്ങൾ നേടി. സുകുമാർ അഴീക്കോടിന്റെ പ്രസംഗം സാഗര ഗർജ്ജനം പോലെയാണ് എന്ന് വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞിട്ടുണ്ട്.

**ഫോർത്ത് എസ്റ്റേറ്റ് / മാധ്യമങ്ങൾ**

- സമൂഹത്തിൽ മധ്യമങ്ങൾക്കുള്ള സ്വാധീനം വളരെ വലുതാണ്.
- സാംസ്ക്കാരിക നിർമ്മിതിയിൽ മാധ്യമങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്.
- ജനാധിപത്യ വ്യവസ്ഥയെ താങ്ങിനിർത്തുന്ന നെടുംതൂണുകളിലൊന്ന് മാധ്യമങ്ങളാണ്. അതിനാൽ മാധ്യമങ്ങളെ ഫോർത്ത് എസ്റ്റേറ്റ് എന്ന് വിളിക്കുന്നു.
- വിജ്ഞാനം, വിദ്യാഭ്യാസം, വിനോദം, തുടങ്ങിയവ മാധ്യമ ധർമ്മങ്ങളിലുൾപ്പെടുന്നു.
- ധർമ്മത്തിൽ നിന്ന് വ്യതിചലിക്കുന്ന മാധ്യമങ്ങൾക്ക് നിയന്ത്രണം വേണം.

പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല. ഭരണാധികാരികൾപോലും പത്രത്തെ ഭയക്കുന്നു.

- പത്രത്തിനെ എതിർക്കേണ്ടിവന്നാൽ അത് പത്രത്തിലൂടെതന്നെ വേണ്ടിവരുന്നു എന്നത് ഒരു വിരോധാഭാസമാണ്.
- പത്രങ്ങൾ എല്ലാത്തിനേയും വിമർശിക്കുന്നു. എന്നാൽ പത്രങ്ങൾ അത്രത്തോളം വിമർശിക്കപ്പെടുന്നില്ല.
- രാഷ്ട്രീയത്തിലെ മഹാശക്തിയാണ് പത്രം/മാധ്യമങ്ങൾ
- അരാജകമായ അവസ്ഥയിൽ സത്യവും നീതിയും പുലർത്തുന്ന പത്രങ്ങൾ സമൂഹത്തെ രക്ഷിക്കും.
- നല്ല പത്രം വായിക്കാമെന്ന് വെച്ച് വായിക്കുന്ന പത്രം നിർത്തുന്നവൻ വിഡ്ഢിയാണ്.
- പല പത്രങ്ങൾ വായിക്കുക. അവയിലെ സത്യവും അസത്യവും തിരിച്ചറിയാൻ ശ്രമിക്കുക.
- സാഹിത്യ വിമർശകനും തത്വചിന്തകനും എഴുത്തുകാരനും മികച്ച പ്രഭാഷകനും ആയിരുന്നു സുകുമാർ അഴിക്കോട്.

# പണയം-ചെറുകഥ

## ഇ. സന്തോഷ്കുമാർ

**ഇ സന്തോഷ്കുമാർ**

- മലയാളത്തിലെ ഉത്തരാധുനിക ചെറുകഥാകൃത്ത്, നോവലിസ്റ്റ്
- ജനനം- 1969-ൽ തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട്
- പ്രധാനകൃതികൾ: ഗാലപ്പഗോസ്, മൂന്ന് അന്ധൻമാർ ആനയെ വിവരിക്കുന്നു, ചാവുകളി, മൂന്ന് വിരലുകൾ, പണയം (കഥകൾ)

അമ്യൂസ്മെന്റ് പാർക്ക്, വാക്കുകൾ, തങ്കച്ചൻ മഞ്ഞക്കാരൻ, അന്ധകാരനഴി, കുന്നുകൾ നക്ഷത്രങ്ങൾ, ജ്ഞാനഭാരം (നോവലുകൾ)

**പണയം**

ആധുനിക എഴുത്തുകാരിൽ ശ്രദ്ധേയനായ ഇ സന്തോഷ്കുമാറിന്റെ ശ്രദ്ധേയമായ ചെറുകഥയാണ് പണയം. ലോകത്തെ അറിയാൻ മറ്റു മാധ്യമങ്ങളൊന്നുമില്ലാതിരുന്ന 1970-കളിൽ പത്രവും റേഡിയോയും ഏറെ സ്വാധീനം ചെലുത്തി. അന്നത്തെകാലത്തെ മനുഷ്യർക്ക് റേഡിയോ കേവലം ഒരു ഉപകരണം മാത്രമായിരുന്നില്ല. അവരുടെ ജീവിതത്തെയും സമയത്തെയും അത് ചിട്ടപ്പെടുത്തി. ദുസ്സഹമായ ജീവിതാവസ്ഥകളെ എളുപ്പമുള്ളതാക്കി. അന്ന് ആളുകൾക്ക് റേഡിയോ ഒരു സാന്ത്വനവും പ്രതീക്ഷയുമായിരുന്നു.

**പാഠസംഗ്രഹം**

കഥാകാരന്റെ കുട്ടിക്കാലത്തെ ഒരനുഭവമാണ് പണയം എന്ന കഥയ്ക്ക് വിഷയം. ജീവിത പ്രാരബ്ധങ്ങൾ ദുസ്സഹമായപ്പോൾ ഒരു മധ്യവയസ്കയായ സ്ത്രീ തന്റെ ജീവിതത്തിന്റെ ഭാഗമായ റേഡിയോ പണയം വെക്കാനായി ഇറങ്ങിത്തിരിച്ച സംഭവമാണ് പിന്നീട് പണയം എന്ന കഥയായി ഈ സന്തോഷ്കുമാർ എഴുതിയത്.

ദരിദ്രനും തയ്യൽക്കാരനുമായ ചാക്കുണ്ണിയും സമ്പന്നനും സ്വർണ്ണപണിക്കാരനുമായ ചെമ്പുമത്തായിയും പിറക് വശത്ത് ഒരു കുട്ടിയുടെ പടമുള്ള ഒരു മർഫി റേഡിയോയുമാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. ആറാട്ടുകുന്ന് എന്ന ഗ്രാമത്തിലാണ് കഥ നടക്കുന്നത്. നാടിന്റെ ചരിത്രത്തിലെ ആദ്യ സംഭവമായിരുന്നു ചാക്കുണ്ണിയുടെ റേഡിയോ. കലയെ സ്നേഹി

ക്കുകയും മാനുഷികമൂല്യങ്ങൾക്ക് വില കൽപ്പിക്കുകയും ചെയ്യുന്ന അയാൾ ഏറെ ത്യാഗം സഹിച്ചാണ് ആ റേഡിയോ സ്വന്തമാക്കുന്നത്. ക്രമേണ അതിലെ പരിപാടികൾ അയാളുടെ ജീവിതത്തിന്റെ ഭാഗമായി മാറുന്നു. ആറാട്ടുകുന്ന് ഗ്രാമം മുഴുവൻ അതിൽ പങ്ക് ചേരുന്നു. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ ഇളയമകന്റെ രോഗം അയാളെ പാടെ തളർത്തുന്നു. കുഞ്ഞിന്റെ ചികിത്സയ്ക്കായി കുഞ്ഞിനെപ്പോലെ കരുതിയ റേഡിയോ ചെമ്പുമത്തായിയ്ക്ക് പണയം വെക്കേണ്ടതായി വരുന്നു. കലയെ സ്നേഹിക്കുകയോ മാനുഷികമൂല്യങ്ങൾക്ക് പ്രാധാന്യം കൽപ്പിക്കുകയോ ചെയ്യാത്ത ചെമ്പുമത്തായിയ്ക്ക് റേഡിയോ ഒരു വസ്തു മാത്ര മായിരുന്നു. റേഡിയോ നഷ്ടമാകുന്നതോടെ ചാക്കുണ്ണിയുടെ തൊഴിലിന്റെ താളം തെറ്റുന്നു. മകന്റെ വേർപാടിൽ ചാക്കുണ്ണി ആശ്വാസം തേടുന്നത് പണയം മുതലായ റേഡിയോയിലെ ബാലമണ്ഡലത്തിലാണ്. മാധ്യമങ്ങൾ അറിയാനും അറിയിക്കാനും മാത്രമല്ല ആനന്ദിപ്പിക്കാനും ആശ്വസിപ്പിക്കാനുമാണ് എന്ന തിരിച്ചറിവുണ്ടാക്കുന്ന കഥയാണ് പണയം. പഴയകാലത്ത് ഗ്രാമീണ നന്മയും അതുമായി ബന്ധപ്പെട്ട ജീവിത സന്ദർഭങ്ങളും മിഴിവോടെ അവതരിപ്പി ക്കാൻഈകഥയ്ക്ക്കഴിയുന്നു.

## വിശകലന ചോദ്യങ്ങൾ

*മാതൃകപോലെ എഴുതുക*

| | |
|---|---|
| തീ + ആയിരുന്നു | = തീയായിരുന്നു |
| ഭേദം + ആയില്ല | = |
| ആധി + ആയിരുന്നു | = |
| പാളി + പോയി | = |

***ഉത്തരം:***

ഭേദമായില്ല

ആധിയായിരുന്നു

പാളിപ്പോയി

## ഒറ്റവാക്യമാക്കി എഴുതുക

■ "ഒരു തുണിസഞ്ചിയിൽ പണയമുതലുമായി കുഞ്ഞനം വന്നു.
അവർ അത് തിണ്ണയിൽ വച്ചശേഷം മടങ്ങിപ്പോയി."

**ഉത്തരം:**

ഒരു തുണിസഞ്ചിയിൽ പണയമുതലുമായി വന്ന കുഞ്ഞനം അത് തിണ്ണയിൽ വച്ചശേഷം മടങ്ങിപ്പോയി.

**വിഗ്രഹിച്ചെഴുതുക.**

യാത്രാക്കൂലി - യാത്രയ്ക്കുളള കൂലി

- "എന്റെ കണക്കൊക്കെ തെറ്റീലോ എന്റെ മത്തായി മൂപ്പരേ"

ചാക്കുണ്ണിയുടെ ഈ വരികളിൽ തെളിയുന്ന ഭാവം എന്ത്?

നിസ്സഹായത

ദേഷ്യം

പരിഹാസം

ആഹ്ളാദം

ഉത്തരം: ***നിസ്സഹായത***

- റേഡിയോ നഷ്ടപ്പെട്ട ചാക്കുണ്ണിയെ കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?
  - തൊഴിലിന്റെ താളം തെറ്റി.
  - അളവുകൾ തെറ്റിച്ച് ഉടുപ്പ് തുന്നി.
  - തെറ്റി തയ്ച്ചതിനാൽ നൂൽ അഴിച്ചെടുക്കേണ്ടി വന്നു.
  - തുണികളിലൂടെ കത്രിക തെറ്റി സഞ്ചരിച്ചു.
  - ഏതൊ ഒരു പാട്ടിനായി അയാൾ കാതോർത്തു.
  - മനസ്സിലെ നാടകത്തിൽ നിന്നും ഏതെല്ലാമോ കഥാപാത്രങ്ങൾ സംസാരിച്ചു.
  - ആളുകൾ തിങ്ങി നിറഞ്ഞപ്പോഴും വല്ലാത്ത ഏകാന്തത അനുഭവപ്പെട്ടു.

- റേഡിയോ സ്വന്തമാക്കുന്നതിന് ചാക്കുണ്ണി സഹിച്ച ത്യാഗങ്ങൾ എന്തെല്ലാം?

  അധികസമയ അധ്വാനം, പതിവുശീലങ്ങൾ ഉപേക്ഷിച്ചു, ആത്മീയ കാര്യങ്ങൾ നീട്ടി വെച്ചു, അത്യാവശ്യകാര്യങ്ങൾ പോലും മാറ്റിവെച്ചു.

- ചാക്കുണ്ണിയുടെ റേഡിയോ ആറാട്ടുകുന്നിന്റെ ചരിത്രത്തിൽ ഒരു സംഭവം തന്നെയായിരുന്നു എന്ന് പറയുന്നു. കാരണം?

- അകലെയുള്ളവർ പോലും റേഡിയോ കേൾക്കുന്നതിനെത്തിച്ചേരുന്നു, തയ്യൽ കടയിൽ തിരക്ക് വർദ്ധിക്കുന്നു, വഴിയാത്രയ്ക്കിടയിൽ റേഡിയോ ശ്രദ്ധിക്കുന്നവർ, ചാക്കുണ്ണിയെ പിന്തുടരുന്നവർ.

- റേഡിയോ പണയം വെക്കുമ്പോൾ ചാക്കുണ്ണിയെ അലട്ടിയിരുന്ന ചിന്തകൾ എന്തെല്ലാം?
  - ജീവിതത്തിൽ നിന്ന് ഒരു ഭാഗം പറിച്ചു മാറ്റിയതുപോലെ.

- റേഡിയോ ചെമ്പുമത്തായി എവിടെ സൂക്ഷിക്കും.
- മച്ചിലേയ്ക്ക് വലിച്ചെറിയുമോ?,
- പൊടികയറുമോ,
- എലികൾ കയറുമോ,
- എന്ന് തിരിച്ചെടുക്കാൻ കഴിയും.

■ ബാലമണ്ഡലം കേൾക്കണമെന്ന് ചാക്കുണ്ണി ആഗ്രഹിച്ചത് എന്തുകൊണ്ട്?

- ബാലമണ്ഡലം മകന് ഇഷ്ടമായിരുന്നു
- ബാലമണ്ഡലത്തിൽ കുട്ടികൾ പാടുകയും ചിരിക്കുകയും ചെയ്യുന്നു
- ആശ്വാസവും അറിവും നൽകുന്നു

**സവിശേഷ പ്രയോഗങ്ങൾ അവ സൂചിപ്പിക്കുന്ന അർത്ഥതലം**

1. ചാക്കുണ്ണിയുടെ തയ്യലിന്റെ രാത്രികൾ നീണ്ടു

   - രാപകലില്ലാതെയുള്ള അധ്വാനം.
   - ജീവിത പ്രാരബ്ധങ്ങളുടെ കൂടുതൽ.

2. മൂന്ന് പതിറ്റാണ്ടുകളായി നൂല് കോർത്ത് കുഴിഞ്ഞുപോയ കണ്ണുകൾ

   - ദുസ്സഹമായ ജീവിത സാഹചര്യം
   - ചാക്കുണ്ണിയുടെ തൊഴിലും അധിക സമയ അധ്വാനം കൊണ്ട് ക്ഷീണിച്ച രൂപവും

3. മനസ്സിന്റെ നാടകത്തിൽ നിന്നും ഏതെല്ലാമോ കഥാപാത്രങ്ങൾ ഒച്ചയെടുത്തു സംസാരിച്ചു. ചുറ്റും നിരവധി ആളുകൾ ഉണ്ടായിരുന്നിട്ടും പറഞ്ഞറിക്കാനാവാത്ത ഒരു ഏകാന്തത അയാളെ വലയം ചെയ്തു.

   - റേഡിയോ പണയം വെക്കേണ്ടി വന്ന ചാക്കുണ്ണിയുടെ മാനസിക അസ്വസ്ഥത
   - തനിച്ചായെന്ന തോന്നൽ
   - തൊഴിലിന്റെ താളം തെറ്റുന്നു

4. മിക്കവാറും ദ്രവിച്ച റബ്ബർ ചെരിപ്പിട്ട് ആണി ബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞു നോക്കാതെ നടന്നു.

| |
|---|
| ദാരിദ്ര്യം |
| അനാരോഗ്യം |
| നിസ്സഹായത |

5. ചാക്കോരു മാപ്പളയ്ക്ക് സ്വർണ്ണം ചോരേലൊണ്ടാർന്നു

| |
|---|
| തൊഴിലിലും സ്വർണ്ണത്തെക്കുറിച്ചുള്ള അറിവിലും ചാക്കോരു മാപ്പള സമർത്ഥനായിരുന്നു. |

## കഥാപാത്ര നിരൂപണം

| ചെമ്പുമത്തായി | ചാക്കുണ്ണി |
|---|---|
| ♦ പണത്തിന് അമിത പ്രാധാന്യം | ♦ ദരിദ്രമായ ജീവിത സാഹചര്യം |
| ♦ മാനുഷിക മൂല്യങ്ങൾക്ക് വില കൽപ്പിക്കാത്തവൻ | ♦ മാനുഷിക മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്നവൻ |
| ♦ പണം പലിശക്ക് കൊടുക്കുന്നു | ♦ അധിക സമയം അധ്വാനിക്കുന്നു |
| ♦ കല അനാവശ്യം എന്ന ചിന്ത | ♦ കലയോടുള്ള സ്നേഹം |
| ♦ മക്കളെപ്പോലും തല്ലി വളർത്തണമെന്ന പക്ഷക്കാരൻ | ♦ റേഡിയോ മക്കളെപ്പോലെ സൂക്ഷിക്കണമെന്ന പക്ഷക്കാരൻ |

**അധിക വായനയ്ക്ക്**

**കടലിന്റെ വക്കത്തൊരു വീട് - മാധവിക്കുട്ടി**

**ആർട്ട് അറ്റാക്ക് - എം മുകുന്ദൻ**

# അമ്മയുടെ എഴുത്തുകൾ - കവിത

**വി മധുസൂദനൻ നായർ**

**വി മധുസൂദനൻ നായർ**

ജനനം: 1950 നവംബറിൽ നെയ്യാറ്റിൻകരയിൽ

മലയാളത്തിൽ എം എ ബിരുദം നേടിയ ശേഷം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കുങ്കുമം, കേരളദേശം, വീക്ഷണം എന്നിവിടങ്ങളിൽ ജോലി നോക്കി.

കൃതികൾ: നാറാണത്തുഭ്രാന്തൻ, ഗാന്ധർവ്വം, ഗാന്ധി

നാറാണത്തുഭ്രാന്തന് 1992-ലെ കേരള സാഹിത്യ അക്കാദമി അവാർഡ്

ഗാന്ധി എന്ന കവിതാസമാഹാരത്തിലെ ഒന്നാമത്തെ കവിതയാണ് അമ്മയുടെ എഴുത്തുകൾ.

## അമ്മയുടെ എഴുത്തുകൾ

മാതൃഭാഷയുടെ മഹത്വവും മാതൃത്വത്തിന്റെ പ്രാധാന്യവും വിനിമയം ചെയ്യുന്ന കവിതയാണ് അമ്മയുടെ എഴുത്തുകൾ.

## കവിതയിൽ മൂന്ന് കാലത്തെ അവതരിപ്പിക്കുന്നു.

- കവിയും ഭാര്യയും അടങ്ങുന്ന വർത്തമാനകാലം
- മാതൃത്വത്തിന്റെ മഹത്വം വെളിപ്പെടുന്ന ഭൂതകാലം
- ഭാഷയും സംസ്കാരവും അന്യമാകുന്ന ഭാവികാലം
- മലയാളഭാഷ പുഷ്കരമായിരുന്ന കാലം
- മാതൃഭാഷയുടെ നിലനിൽപ്പ് പ്രതിസന്ധിയിലാകുന്ന വർത്തമാനകാലം
- മാതൃഭാഷയുടെ നിലനിൽപ്പ് നഷ്ടപ്പെട്ടുപോകുന്ന ഭാവി കാലം

### പാഠവിശകലനം

- അമ്മതൻ ചിന്മുദ്രയാണീ.........................ഒതുക്കി വയ്ക്കട്ടെ ഞാൻ

കാൽപ്പെട്ടി - വിഗ്രഹിച്ചാൽ

കാലുള്ള പെട്ടി

പട്ടണത്തിലുള്ള മകൻ വീടിന് ഭംഗി കൂട്ടുന്ന സമയത്ത് നാട്ടിലുള്ള തന്റെ അമ്മ അയച്ച കത്തുകൾ അടുക്കിവെയ്ക്കുന്ന സന്ദർഭമാണ് കവിതയുടെ തുടക്കം. അമ്മയുടെ ഉള്ളിലെ നന്മ നിറഞ്ഞ സന്ദേശങ്ങളാണതിൽ കോറിയിട്ടിരിക്കുന്നത്. ആ കത്തുകൾ തനിക്കായി പകർന്ന പാൽമുത്തുകളായി മകനനുഭവപ്പെടുന്നു.

- അമ്മയക്ക് നൽകാൻ കഴിയുന്ന

  നന്മകൾ മാതൃഭാഷയും നൽകുന്നു.

ചിന്മുദ്ര = മനസ്സിന്റെ അടയാളം

പാൽമുത്ത് = മുലപ്പാലിന്റെ മാധുര്യം

ചിന്മുദ്ര പിരിച്ചെഴുതിയാൽ = ചിൻ+മുദ്ര

- പട്ടണക്കോപ്പ് നിറയ്ക്കയാലിച്ചില്ല്....................കുട്ടികൾ

പട്ടണത്തിൽ നിന്നും വാങ്ങിയ കണ്ണഞ്ചിപ്പിക്കുന്ന സാധന സാമഗ്രികൾ കൊണ്ട് ഷോക്കേയ്സ് നിറഞ്ഞിരിക്കുന്നു. ഭാര്യയുടെ ഇഷ്ടപ്രകാരം ജീവിക്കുന്ന മകൻ ഷോക്കേയ്സിൽ നിന്ന് മാറ്റപ്പെട്ട കത്തുകളെ മക്കളുടെ ശ്രദ്ധയിൽപെടാതിരിക്കത്തക്കവിധം വീടിന് പിന്നിലുള്ള ചായ്പ്പിൽ ഒരു കാൽപ്പെട്ടിയിൽ താഴിട്ട് പൂട്ടിവെക്കാൻ തീരുമാനിക്കുന്നു.

ചില്ലുപെട്ടി - ഷോക്കേയ്സ്

കാൽപ്പെട്ടി = പഴയകാലത്തെ വിലപിടിപ്പുള്ള
വസ്തുക്കൾ സൂക്ഷിക്കാനായി ഉണ്ടായിരുന്ന തടികൊണ്ടുള്ള പെട്ടി.

അമ്മയിൽ നിന്നും അകറ്റപ്പെടുന്ന കുട്ടികൾ
മാതൃഭാഷയിൽ നിന്നും അകറ്റപ്പെടുന്നു.

മൂല്യവത്തായ നമ്മുടെ സംസ്കാരത്തെ പുതുതലമുറയിലെ കുട്ടികൾ കാണാതെ പെട്ടിയിൽ അടച്ച് സൂക്ഷിക്കുന്ന നമ്മൾ.

- എത്ര കൗതുഹലം............ ഉളെളഴുത്തുകൾ

കൗതുഹലം = ഉത്സാഹം

ഗ്രാമീണതയുടെ എല്ലാ നിഷ്കളങ്കതയോടുകൂടിയും അമ്മ എഴുതിയ കത്ത് വായിക്കുന്ന മകന് ഏറെ ഉത്സാഹം അവ തന്നോട് നേരിട്ട് സംസാരിക്കുന്നത് പോലെ എന്ന് കവി. അമ്മയുടെ നിറഞ്ഞ വാത്സല്യവും മകന്റെ ഉയർച്ചക്കും വളർച്ചക്കും ആവശ്യമായ നല്ല ഉപദേശങ്ങളും വേദനയും പ്രാർത്ഥനയും, ദേവസ്തുതികളും കൂടാതെ നാട്ടുവിശേഷങ്ങൾ, വീട്ടുവഴക്കുകൾ, അന്നദാനം നൽകുന്ന ഉത്സവങ്ങൾ, കൃഷിപ്പാട്ടുകൾ, ദൃഷ്ടിദോഷം മാറുന്നതിനായി ചൊല്ലുന്ന മന്ത്രങ്ങൾ, ഗ്രാമീണതയുടെ തുടിപ്പുകലർന്ന പൂക്കളാകുന്ന വാക്കുകൾ, ഔഷധക്കുറിപ്പുകൾ എന്നിവയെല്ലാമാണ് ആ കത്തിന്റെ ഉള്ളടക്കം. ഇവ ശബ്ദമായി വന്ന് കവിയുടെ നാവിലെ തേനായി മാറുന്നു. നാഭിയിലെ സ്പന്ദനമായി മാറുന്നു.

ജനനം മുതൽ മരണം വരെയുള്ള കരുതലായി അമ്മയും
മാതൃഭാഷയും മാറുന്ന ആവാച്യമായ അനുഭൂതി വിശേഷത്തെയാണ്
കവി ഈ വരികളിൽ സൂചിപ്പിക്കുന്നത്.

സ്പന്ദിച്ചതീയുള്ളെഴുത്തുകൾ ഘടകപദമാക്കിയാൽ

– സ്പന്ദിച്ചത്+ഈ+ഉള്ളെഴുത്തുകൾ

■ ഓരോന്നിനോരോ മൊഴിച്ചന്തമമ്മയാം.................... ഭൂമിയും

ഓരോ കത്തിനും നൽകാനുള്ളത് വ്യത്യസ്ത ഭംഗികളാണ് എന്ന് കവി പറയുന്നു. അമ്മ മകന് കാണിച്ചുകൊടുത്ത നേരിന്റെ ഈണവും ഇഷ്ടവുമുണ്ടതിന്. അമ്മയ്ക്ക് മാത്രം തരാൻ കഴിയുന്ന നേരിന്റെ വെളിച്ചം ഈ കത്തുകളിൽ കാണാം.

അമ്മയ്ക്ക് മാത്രം തരാൻ കഴിയുന്ന
ഈ നേരിന്റെ വെളിച്ചം
മാതൃഭാഷയ്ക്കും തരാൻ കഴിയും

■ ഭദ്രമായിതന്നെയിരിക്കട്ടെ..................

ഭദ്രമായിത്തന്നെയിരിക്കട്ടെ കുട്ടികൾ

നിന്നിഷ്ടമാണെന്റെയും

- പഴയ തലമുറയുടെ ഉപദേശ നിർദ്ദേശങ്ങൾ അടങ്ങിയ എഴുത്തുകൾ കുട്ടികളുടെ ശ്രദ്ധയിൽ നിന്നും മാറ്റാനുള്ള ശ്രമം.
- ഭാഷയുടെ സ്പർശാനുഭവം -

  ഭാഷയെ തൊട്ടാൽ അശുദ്ധമാകും എന്ന ചിന്ത
- തൊട്ടുവായിച്ചാൽ അശുദ്ധം എന്നു പറയുന്നതിലൂടെ ഭാഷയുടെ ധ്വന്യാത്മകത വെളിവാകുന്നു.

- എഴുത്തുകൾ തൊട്ടാൽ അശുദ്ധപ്പെടും എന്ന ചിന്ത
- ഭാഷ നൽകുന്ന സ്പർശാനുഭവത്തെ ഇല്ലാതാക്കാനുള്ള ശ്രമം

▸ തന്നിഷ്ടമാണെന്റെയും എന്ന വരികളുടെ ആവർത്തനം

- ദാമ്പത്യബന്ധത്തിന്റെ ബോധപൂർവ്വമായ സമരസപ്പെടൽ

■ " അമ്മയുടേതാമെഴുത്തുകളൊക്കെയും
അമ്മയായിതന്നെയൊതുങ്ങിയിരിക്കട്ടെ"

▸ അമ്മയേയും മാതൃഭാഷയേയും ഒതുക്കുവാനുള്ള ശ്രമം

▸ വിദേശത്ത് നിർമ്മിച്ച അമ്മ - സൂചന- ഇംഗ്ലീഷ് ഭാഷ

* പൊക്കിളിൻ വള്ളി അടർത്തി............... മൂളുന്നിടയ്ക്കിടെ

അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തെ ദൃഢകരമാക്കുന്നത് പൊക്കിൾക്കൊടി ബന്ധമാണ്. അമ്മയുമായുള്ള ബന്ധം ഉപേക്ഷിച്ച് ഭാര്യയുമായുള്ള ജീവിതത്തിൽ സൂഖം കണ്ടെത്തുന്ന കവി നൊമ്പരത്തോടുകൂടി പറയുന്നു അമ്മയുമൊത്തുള്ള ആ പഴയകാല ജീവിതത്തിന്റെ മധുരം താൻ മറന്നു തുടങ്ങി എന്ന്. എങ്കിലും കവിയുടെ മനസ്സിൽ അമ്മ ഒരാദിമ സംഗീതമായി മാറുന്നു.

| |
|---|
| ഈ ലോകത്തെ കാട്ടിത്തന്ന അമ്മയുടെയും<br>മാതൃഭാഷയുടെയും താരാട്ട് മറക്കാനാവില്ല. |

■ അമ്മയോരോർമ്മയി വല്ലപ്പോഴും

വിദേശത്ത് കണ്ണഞ്ചിപ്പിക്കുന്ന തരത്തിലുള്ള കാഴ്ചകളിൽ അമ്മ കേവലം ഒരു ഓർമ്മമാത്രമായി മാറുന്നു.

| |
|---|
| നഗരവൽക്കരണം ഗ്രാമീണ കാഴ്ചകൾക്ക് മങ്ങലേൽപ്പിക്കുന്നു.<br>മാതൃഭാഷ നാമാവശേഷമായി തീരുന്നു. |

■ നമ്മളോർത്താലുമില്ലെങ്കിലും.............എപ്പോഴും.

നമ്മളോർത്താലുമില്ലെങ്കിലും അടർത്തി മാറ്റാൻ കഴിയാത്ത കാവലാളായി, നമുക്കു പിൻപേ പറക്കുന്ന സുരക്ഷയുടെ കുളിർമയായും രക്തത്തിലെ ചൂടായി മാറുന്ന നന്മയായ് അമ്മ എന്നും നമ്മോടൊപ്പമുണ്ടാകും. മാതൃഭാഷയും അമ്മയും എക്കാലവും അതേപടി നിലനിൽക്കണമെന്ന് കവി ആഗ്രഹിക്കുന്നു.

■ ആരു വായിക്കുമീ മായുമെഴുത്തുകൾ.......

..............................................വേണ്ടായിരിക്കുമോ?

കവി തന്റെ ആശങ്കകൾ പങ്കുവെയ്ക്കുന്നു. മാഞ്ഞുപോയിക്കൊണ്ടിരിക്കുന്ന, മറച്ചു

വെയ്ക്കപ്പെടുന്ന ഈ കത്തുകൾ ആരാണിനി വായിക്കുക? ആരുടെ നാവിലാണിനി നന്മ മൊഴി ഉയിർക്കൊള്ളുക? ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും അത്ഭുതാവഹ മായ ഈ കാലഘട്ടത്തിൽ വാടക ഗർഭത്തിലൂടെ പുതിയ തലമുറയെ സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ അമ്മയുടെ പേറ്റുനോവറിയാതെ വളരുന്ന കുട്ടികൾ തന്റെ സ്വത്വം തിരഞ്ഞ് വിലപിക്കില്ലേ? നമ്മുടെ വളർച്ചയും ഉയർച്ചയും സാധ്യമാക്കുന്ന അമ്മയുടെ ഇടപെടലുകൾ കൊണ്ട് നമ്മുക്ക് ലഭിച്ച മാതൃഭാഷയുടെ ഈണം ഇവരറിയാതെ പോകില്ലേ? താരാട്ട് മറക്കില്ലേ? താരാട്ടിലൂറിയ മധുരം മറക്കില്ലേ? ഇങ്ങനെ സ്വന്തം വ്യക്തിത്വവും വേരും നഷ്ടപ്പെട്ടവരായി നാളെയുടെ ഈ തലമുറ സ്വയം മറന്നുപോകില്ലേ എന്ന് കവി പേടിപ്പെടുന്നു.

വളരെ ദു:ഖിതനായി കവി ഉന്നയിക്കുന്ന ചോദ്യമിതാണ്, ഒന്നോർക്കാനോ അന്വേ ഷിക്കാനോ പോലും താൽപര്യമില്ലാത്ത വിധം അവർക്ക് അമ്മയെ വേണ്ടാതാകില്ലേ എന്ന്.

നാഗരികതയുടെയും ഉപഭോഗസംസ്ക്കാരത്തിന്റേയും തന്ത്രപരമായ കടന്നുകയറ്റം എത്ര എളുപ്പം സാധ്യമാകുന്നു.

## വിഗ്രഹം

നാവേറുമന്ത്രം - നാവേറ് അകറ്റുന്നതിനുള്ള മന്ത്രം

■ **കവിതയിലെ ബിംബങ്ങളും അർത്ഥതലവും**

| ബിംബം | അർത്ഥതലം |
|---|---|
| അമ്മതൻ ചിന്മുദ്ര | മാതൃത്വം ദൈവീകമാണ് |
| തൻമകനായി പകർന്ന പാൽമുത്തുകൾ | അമ്മിഞ്ഞപാൽ |
| മൊഴിച്ചന്തം | വാങ്മയ ചിത്രങ്ങൾ |
| നേരിന്റെ ഈണം, താളം, ഇമ്പം | അമ്മ-സത്യം, സംഗീതം, പിഴക്കാത്ത താളം |
| ഞാനാകുമോർമ്മതൻ ഭൂമി | കവിയുടെ അസ്ഥിത്വം (നിലനിൽപ്പ്) |
| നാഭീസ്പന്ദനം | ജനനം മുതൽ മരണം വരെയുള്ള കരുതൽ |
| ആദിമ സംഗീതം | താരാട്ട് |
| കാവലാൾ | നഗരസംസ്ക്കാരത്തിൽ കണ്ണി ചേരേണ്ടി വരുമ്പോൾ അമ്മയുടെ ഓർമ്മ കൾ താങ്ങാകുന്നു. |

രക്തത്തിന്റെ ചൂട് പകരുന്ന നന്മയും താളവും
വിവരിക്കാൻ കഴിയാത്ത
മാതൃസ്നേഹത്തിന്റെ അനുഭൂതി

**അധികവായനയ്ക്ക് -**

അമ്മയില്ലാത്ത വീട്
അമ്മിയില്ലാത്ത വീട്
ഇന്നത്തെ വീടുകൾ
അങ്ങാടി വീടുകൾ

- കുഞ്ഞുണ്ണി മാഷ്

മുതിരുമ്പോൾ മക്കൾ ചിലപ്പോൾ
മാതാവിൻ മഹിമ മറക്കും
തളരുമ്പോൾ താനെ വീണ്ടും
തായ് വേരിൻ താങ്ങിനു കേഴും

(വി മധുസൂദനൻ നായർ- സീതായനം)

ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കു
ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നുതാൻ കേൾക്കവേണം

(വള്ളത്തോൾ - എന്റെ ഭാഷ)

# മാതൃകാചോദ്യപേപ്പർ 2016 -17

# മലയാളം

## അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ്: X

സമയം : 90 മിനിറ്റ്
സ്കോർ: 40

**പൊതു നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. നാദമായ് വന്നന്റെ നാവിലെത്തേനായി,
നാഭിയിൽ <u>സ്പന്ദിച്ചതീയുള്ളെഴുത്തുകൾ</u>

അടിവരയിട്ട പ്രയോഗത്തിന്റെ കാവ്യസന്ദർഭത്തിലെ ഏറ്റവും ഉചിതമായ അർഥം ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക. (1)

- സ്പന്ദിച്ചത് ഈ ഉള്ള എഴുത്തുകൾ
- സ്പന്ദിച്ചത് ഈ ഉള്ളെഴുത്തുകൾ
- സ്പന്ദിച്ചതീയുള്ള എഴുത്തുകൾ
- സ്പന്ദിച്ച തീയുള്ള എഴുത്തുകൾ

2. "കെട്ടിയോൻ കള്ളപ്പുകല ചുമടിനുപോയി ഇടികൊണ്ടു ചത്തതുകൊണ്ട് അവൾക്കു വന്ന ഭാഗ്യം" (കോഴിയും കിഴവിയും) - ഈ വാക്യത്തിൽ തെളിയുന്ന ഭാവമെന്ത്?

(സന്തോഷം, അസൂയ, പരിഹാസം, ആശ്വാസം) (1)

3. <u>നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ</u>
നീരാതെ മാറോടു ചേർത്തുവച്ചിട്ടുണ്ട്. (അമ്മത്തൊട്ടിൽ)

അടിവരയിട്ട പ്രയോഗം അമ്മയുടെ ജീവിതാവസ്ഥ പ്രതിഫലിപ്പിക്കാൻ എത്രമാത്രം സഹായകമാണ്? നിങ്ങളുടെ നിരീക്ഷണം എഴുതുക. (2)

4. ചുവടെ നൽകിയിരിക്കുന്ന ക്ഷണക്കത്തിലെ പദ, വാക്യതലങ്ങളിലുള്ള അഭംഗി പരിഹരിച്ച് മാറ്റി എഴുതുക. (2)

<u>സാഹിത്യസമാജയോഗങ്ങൾ ചേരുന്നു</u>

സുഹൃത്തുക്കളേ,

നമ്മുടെ സ്കൂൾ സാഹിത്യസമാജയോഗങ്ങൾ എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരംനാലു മണിക്ക് സ്കൂൾ ഹാളിൽ യോഗം ചേരുന്നു ദയവായി ഇതുവരെ പങ്കെടുക്കാതിരുന്ന അംഗങ്ങളും കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് അപേക്ഷിക്കുന്നു.

*സെക്രട്ടറി*

5 തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിലൂടെ വിരലോടിച്ചുപോവുക മാത്രം ചെയ്തു.

*(കൊച്ചുചക്കരച്ചി)*

തന്നിരിക്കുന്ന വാക്യത്തിലെ പ്രയോഗഭംഗി വ്യക്തമാക്കുക.

**ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരം എഴുതുക**

6. "നിനക്കറിയാലോ, കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്ല. നമ്മടെ നല്ലകാലത്ത് അവറ്റെയൊക്കെ നല്ല പെടപെടച്ചിട്ടാ ഞാൻ വളർത്തീരിക്കണത്... എന്താ കാരണം ? തല്ലിവളർത്തണം കുട്ടികളെ." *(പണയം)*

ചെമ്പുമത്തായിയുടെ ഈ നിലപാടിനോടുള്ള പ്രതികരണം കുറിക്കുക. (4)

7. പത്രങ്ങൾ ഏറ്റവും കൂടുതൽ അതിജീവിക്കുന്നത് അവയുടെ വഷളത്തരം ഏറ്റവും കൂടുമ്പോഴാണെന്ന പ്രസ്താവനയെപ്പറ്റി ഇന്ന് വായനക്കാർ തെറ്റുപറയുമോ?
*(പത്രനീതി- സുകുമാർ അഴീക്കോട്)*

ഈ നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ സമകാലിക മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ വിലയിരുത്തി കുറിപ്പു തയാറാക്കുക. (4)

8. "ആരുവായിക്കുമീ,മായുമെഴുത്തുകൾ
ആരുടെ നാവിലുയിർക്കുമിച്ചൊല്ലുകൾ
നാളെയീക്കുട്ടികൾ ചോദിക്കുമോ, നമ്മ-
ളാരുടെ കുട്ടികൾ ? ആരുടെ നോവുകൾ? ' (അമ്മയുടെ എഴുത്തുകൾ)

കുട്ടികൾ ഉയർത്താനിടയുള്ള ഈ ചോദ്യങ്ങൾ ആരുടെ നേർക്കായിരിക്കാം നീളുന്നത്? നിങ്ങളുടെ നിഗമനം സമർഥിക്കുക. (4)

9. 'നെല്ലില്ല. പിശാശുക്കള് ! നെല്ലു കൊണ്ടു ചെന്നു വല്ല പീടികയിലും പെട്ടവിലയ്ക്കു വിൽക്കാനാണ്' (പ്ലാവിലക്കഞ്ഞി). തന്നിരിക്കുന്ന സംഭാഷണം വിശകലനം ചെയ്ത് ആ കാലഘട്ടത്തിലെ സാമൂഹിക ജീവിതാവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തുക. (4)

10. 'തിരികൾ തെറുത്തു കൊളുത്താനുറ്റ മു-
ഹൂർത്തം കാത്തു കുഴഞ്ഞു മടങ്ങിയ
കരവിരലോടെ ദീപക്കുറ്റികൾ
നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ'

വരികളിലെ വാങ്മയചിത്രത്തിന്റെ ഭംഗി വിശദമാക്കുക. (4)

11. "അതേ നിമിഷത്തിൽ അമ്മയുടെ മറുപടിയുണ്ടായില്ലെങ്കിൽ അച്ഛൻ കോപം കൊണ്ടു തുടുക്കും."

കഥയിൽനിന്ന് കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി 'ഓരോ വിളിയും കാത്ത്' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക. (4)

**ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക**

12.
- രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? നെല്ലു കൂലികിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത് ?
- പിതാവിനെ നോക്കിക്കൊണ്ടിരിക്കവേ കോരന്റെ കണ്ണുകൾ നിറഞ്ഞു.
- അവളു മറ്റുള്ളോരെ തീറ്റുകാ.. എന്നിട്ട് അവള് ഒണങ്ങുകേം. ഏനു ചീത്തപ്പേരുണ്ടാക്കരുതെന്ന് ഏനും പറയും. (പ്ലാവിലക്കഞ്ഞി)

നൽകിയിരിക്കുന്ന സന്ദർഭങ്ങൾ വിശകലനം ചെയ്തു കോരൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക. (6)

13
- അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം
- ഒരുജാതി ഒരുമതം ഒരു ദൈവം മനുഷ്യന്

മുകളിൽ കൊടുത്തിരിക്കുന്ന ഗുരുവചനങ്ങളിലെയും 'ശ്രീനാരായണഗുരു' എന്ന പാഠഭാഗത്തെയും ആശയങ്ങൾ പ്രയോജനപ്പെടുത്തി 'ശ്രീനാരായണദർശനവും ഇന്നത്തെ ലോകവും' എന്ന വിഷയത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാനുള്ള ലഘുപ്രഭാഷണം തയാറാക്കുക. (6)

14 "എന്നുവച്ചാൽ താൻ വളർത്തിയ ഒന്നിനെ കൊല്ലാനുള്ള പ്രയാസം. അതു കിടന്നു പിടക്കുന്നതു കാണുക അസഹനീയമാണ്. എന്നു വച്ചു കൊല്ലാതൊക്കുമോ? അതിന്റെ ജീവൻ പോകുന്നതു കാണുമ്പോൾ കണ്ണുനിറയാത്തത് കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്, ഇറച്ചിയുടെ രുചി ഓർത്തിട്ടാണ്." *(കോഴിയും കിഴവിയും)*

- മനുഷ്യസ്വഭാവത്തെ സംബന്ധിച്ച കഥാകൃത്തിന്റെ ഈ നിരീക്ഷണം വർത്തമാനകാല സമൂഹത്തിനും ബാധകമാണോ? നിങ്ങളുടെ നിരീക്ഷണങ്ങൾ സമർഥിച്ച് ലഘുനിരൂപണം തയാറാക്കുക. (6)

# വയനാട് ജില്ലാ പഞ്ചായത്ത്

സമഗ്ര വിദ്യാഭ്യാസ പദ്ധതി

വാർഷിക പദ്ധതി 2022 – 23

# ഉയരെ

## പത്താംതരം അധിക പഠനസഹായി

# എക്സലൻസ്-2022-23

ജില്ലാ വിദ്യാഭ്യാസപരിശീലനകേന്ദ്രം,ഡയറ്റ് വയനാട്
സുൽത്താൻ ബത്തേരി,വയനാട് - 673 592
ഫോൺ: 04936 - 293792, ഇ - മെയിൽ: dietwyd.dge@kerala.gov.in
www.dietwayanad.org